بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 7

ലക്കം 22

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 ജൂൺ 2/ഹി.ശം. 1401 ഇഹ്സാൻ 2/ഹിജ്റ 1443 ദുൽഖഅ്ദ 1


## അല്ലാഹുവിന്റെ വചനം

اِنَّ الَّذِیۡنَ اٰمَنُوۡا وَالَّذِیۡنَ ہَادُوۡا وَالصّٰبِـُٔوۡنَ وَالنَّصٰرٰی مَنۡ اٰمَنَ بِاللّٰہِ وَالۡیَوۡمِ الۡاٰخِرِ وَعَمِلَ صَالِحًا فَلَا خَوۡفٌ عَلَیۡہِمۡ وَلَا ہُمۡ یَحۡزَنُوۡنَ ○ (المائدہ : 70)

‘വിശ്വസിച്ചവവരും(മുസ്‌ലിമീങ്ങളും) യഹൂദികളായവരും സാബിഉകളും ക്രിസ്ത്യാനികളും(അവരിൽനിന്ന്) ആര് അല്ലാഹുവിലും അന്ത്യനാളിലും(യഥാർഥത്തിൽ) വിശ്വസിക്കുകയും സൽപ്രവൃത്തികൾ ചെയ്യുകയും ചെയ്യുന്നുവോ, തീർച്ചയായും അവർക്ക് (ഭാവിയെ കുറിച്ച്) ഒരു ഭയവും ഉണ്ടാകുകയില്ല. (കഴിഞ്ഞതിനെ സംബന്ധിച്ച്) അവർ വ്യസനിക്കുന്നവരുമല്ല.’(5:70)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## അല്ലാഹുവിന്റെ ദൂതന്മാരോടും ഔലിയാഉല്ലായോടുമുള്ള എതിർപ്പും അവരെ പീഢിപ്പിക്കുന്നതും ഒരിക്കലും സൽഫലമുണ്ടാക്കുകയില്ല. താൻ അവരെ ബുദ്ധിമുട്ടിച്ചും ദുഃഖിപ്പിച്ചും സൗഖ്യം നേടുമെന്ന് മനസ്സിലാക്കുന്നവൻ കഠിനമായ അബദ്ധത്തിലാണുള്ളത്. ശരീരേച്ഛ അവനെ വഞ്ചിക്കുകയാണ്.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് ؑന്റെ ഉപദേശങ്ങൾ

ആരെങ്കിലും തന്റെ മക്കളെ സ്നേഹിക്കുന്നതുപോലെ ഏതെങ്കിലും വ്യക്തിയെ സ്നേഹിക്കുമ്പോൾ, അയാൾ മരിച്ചുപോകട്ടെയെന്ന് ആവർത്തിച്ച് പറയുകയും അല്ലെങ്കിൽ ഇത്തരത്തിലുള്ള മനസ്സിനെ വ്രണപ്പെടുത്തുന്ന മറ്റെന്തെങ്കിലും പറയുകയും അയാളെ ബുദ്ധിമുട്ടിക്കുകയും ചെയ്യുമ്പോൾ അതുമുഖേന ആ വ്യക്തിക്ക് എങ്ങനെയാണ് സന്തോഷമുണ്ടാകുക. ഒരുവൻ തന്റെ മക്കൾക്കുവേണ്ടി ശാപപ്രാർഥന ചെയ്യുകയും അല്ലെങ്കിൽ അവരെ അനാവശ്യമായ കാര്യങ്ങൾ പറയുകയും ചെയ്യുമ്പോൾ അത്തരം വ്യക്തിയോടെങ്ങനെയാണ് സ്നേഹമുണ്ടാകുക? ഇപ്രകാരം ഔലിയാഉല്ലായും അത്ഫാലുല്ലായുടെ നിറം ഉൾക്കൊള്ളുന്നവരാണ്. കാരണം അവർ ഭൗതികപരമായുള്ള പക്വപ്രായത്തിന്റെ വസ്ത്രം ഊരിമാറ്റുകയും അല്ലാഹുവിന്റെ കാരുണ്യത്തിന്റെ മടിത്തട്ടിൽ വളരുകയുമാണ് ചെയ്യുന്നത്. അവൻ അവരുടെ മുതവല്ലിയും(ഭരണാധികാരി)സംരക്ഷകനും അവനുവേണ്ടി ആത്മാഭിമാനമുള്ളവനുമായിത്തീരുന്നു. ഏതെങ്കിലും വ്യക്തി(അയാൾ എത്ര നമസ്കരിക്കുന്നവനും നോമ്പുപിടിക്കുന്നവനുമായാലും ശരി)അദ്ദേഹത്തെ എതിർക്കുകയും ബുദ്ധിമുട്ടിക്കുകയും ചെയ്യുമ്പോൾ അതിനെതിരെ സന്നദ്ധനാകുകയും അവന്റെ ആത്മാഭിമാനം അലയടിച്ചുയരുകയുംചെയ്യുന്നു. അദ്ദേഹത്തെ എതിർക്കുന്നവരുടെമേൽ അവന്റെ കോപം പ്രോജ്വലിക്കുന്നു. കാരണം തന്റെ ഒരു പ്രിയപ്പെട്ടവന് വിഷമമുണ്ടാക്കാൻ അയാളുദ്ദേശിച്ചു. ആ നേരത്ത് അയാൾക്ക് തന്റെ നമസ്കാരമോ നോമ്പോ പ്രയോജനപ്പെടുകയില്ല. കാരണം നമസ്കാരവും നോമ്പും മുഖേന ആ വ്യക്തിയെ സന്തോഷിപ്പിക്കുന്നതിനു പകരം മറ്റു കർമങ്ങൾകൊണ്ട് അവനെ വെറുപ്പിക്കുകയാണ് ചെയ്തത്. അപ്പോൾപ്പിന്നെ ദൈവകോപം മാറാത്തിടത്തോളം ആ തൃപ്തിയുടെ സ്ഥാനം എങ്ങനെ കിട്ടാനാണ്. ആ കോപമുണ്ടാകാനുള്ള ഹേതുക്കളിൽനിന്നെല്ലാം അവൻ അജ്ഞനാണ്. എന്നല്ല തന്റെ നമസ്കാരത്തിലും നോമ്പിലും അവനൊരു അഹങ്കാരവും അഹന്തയുമുണ്ടാകുന്നു. അതിന്റെ ഫലമായി അല്ലാഹുവിന്റെ കോപം നിത്യേന വർധിച്ചുകൊണ്ടുപോകുന്നു. അവനോടു നിത്യവും സാമീപ്യം പ്രാപിക്കുന്നതിനുപകരം അവൻ അല്ലാഹുവിൽനിന്ന് അകന്നകന്നു പോകുന്നു. അങ്ങനെ പൂർണമായും ദൈവിക ദർബാറിൽനിന്ന് പുറത്താകുന്നു. ഇതുപോലെ പൂർണമായും ഫനായുടെ(അല്ലാഹുവിലുള്ള ലയനം)അവസ്ഥയിലുള്ളതും ദൈവിക സവിധത്തിൽ കിടന്നിട്ടുള്ളതും പരിപാലനത്തിന്റെ മടത്തട്ടിൽ വളരുന്നതും അല്ലാഹുവിന്റെ കാരുണ്യം പുതച്ചിട്ടുള്ളതുമായ വ്യക്തി, എങ്ങനെയാണെന്നാൽ അവന്റെ സംസാരം അല്ലാഹുവിന്റെ സംസാരമാകുന്നു. അവന്റെ സ്നേഹിതൻ അല്ലാഹുവിന്റെ സ്നേഹിതനാകുന്നു. അവന്റെ ശത്രു അല്ലാഹുവിന്റെ ശത്രുവാകുന്നു. അപ്പോൾ അല്ലാഹുവിന്റെ ശത്രുവായിക്കൊണ്ടു ആരെങ്കിലും സമ്പൂർണ മുഅ്മിനാകുന്നതെങ്ങനെയാണ്. ഇപ്രകാരം അവന്റെ ഈമാൻ നിഷ്ടപ്പെട്ടുപോകുന്നു. അവനെ കോപിക്കപ്പെട്ടവരുടെ കൂട്ടത്തിലാക്കുന്നു. അല്ലാഹുവിന്റെ ദൂതന്മാരോടും ഔലിയാഉല്ലായോടുമുള്ള എതിർപ്പും അവരെ പീഢിപ്പിക്കുന്നതും ഒരിക്കലും സൽഫലമുണ്ടാക്കുകയില്ല. താൻ അവരെ ബുദ്ധിമുട്ടിച്ചും ദുഃഖിപ്പിച്ചും സൗഖ്യം നേടുമെന്ന് മനസ്സിലാക്കുന്നവൻ കഠിനമായ അബദ്ധത്തിലാണുള്ളത്. ശരീരേച്ഛ അവനെ വഞ്ചിക്കുകയാണ്. *(മൽഫൂദാത്ത് വാല്യം 1, പേജ് 314, പ്രസാധനം 2018 ഖാദിയാൻ)*

## നബിﷺയുടെ സാരോപദേശം:

### സന്ദർഭത്തിനൊത്തു ചെലവഴിക്കുകയും അറിവ് പകർന്നുകൊടുക്കുകയും ചെയ്യുന്നതിന്റെ മഹത്ത്വം

(1409) അബ്ദുല്ലാഹ് ബിൻ മസ്ഊദ്[റ] നിവേദനം. നബി[സ]തിരുമേനി പറഞ്ഞു: 'രണ്ടു കാര്യങ്ങളിലെ അസൂയ പാടുള്ളു. ഒരാൾക്ക് അല്ലാഹു ധനം നല്കുകയും ആ ധനം സത്യമാർഗത്തിൽ ചെലവു ചെയ്യാൻ അയാൾ നീക്കിവെക്കുകയും ചെയ്യുന്നു. (ഇയാളോടു അസൂയയാവാം). മറ്റൊരാൾക്ക് അല്ലാഹു വിദ്യനല്കുകയും ആ വിദ്യകൊണ്ട് അയാൾ(മനുഷ്യർക്കിടയിൽ) വിധികൽപിക്കുകയും മനുഷ്യർക്ക് അത് പഠിപ്പിച്ചു കൊടുക്കുകയും ചെയ്യുന്നു. (ഇയാളോടു അസൂയയാവാം).'

### സ്വദഖയും സക്കാത്തും പരിശുദ്ധ ധനത്തിൽനിന്ന് നല്കണം

(1410) ഹദ്റത്ത് അബൂഹുറയ്റ[റ] നിവേദനം. നബി[സ]തിരുമേനിപറഞ്ഞു: ആരെങ്കിലും തന്റെ പരിശുദ്ധ സമ്പാദ്യത്തിൽനിന്നും- പരിശുദ്ധ വസ്തുക്കൾ മാത്രമെ അല്ലാഹു സ്വീകരിക്കുകയുള്ളു ഒരു കാരക്കയോളം ധനം ദാനം ചെയ്താൽ അല്ലാഹു അതു തന്റെ വലംകൈകൊണ്ട് സ്വീകരിക്കും. പിന്നീട് നിങ്ങളിലൊരാൾ തന്റെ പശുക്കുട്ടിയെ പോറ്റി വളർത്തും പോലെ ഒരു മലയോളം വലുതാകുംവരേക്കും അല്ലാഹു അതിനെ വളർത്തിക്കൊണ്ടു പോരുന്നതാണ്. *(സ്വഹീഹ് ബുഖാരി, വാല്യം 1, പേജ് 314, പ്രസാദനം ഖാദിയാൻ 2008)*

### ഈ ലക്കത്തിൽ


ജുമുഅ ഖുത്വ്ബ
29 ഏപ്രിൽ 2022
സമ്പൂർണ്ണ പരിഭാഷ

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം


## ‘നബി ദൈവനുഗ്രഹാത്തൽ നിഷ്കളങ്കനാകുന്നു. അപ്പോൾപ്പിന്നെ നബി *റബ്ബനഗ്ഫിർലീ* (എനിക്കു പൊറുത്തുതരേണമേ)എന്നു പറയുന്നതിന്റെ ഉദ്ദേശ്യമെന്താണ്? മുഅ്മിനിന്റെ വിവിധ ദർജകളുടെ അടിസ്ഥാനത്തിൽ *ഇഗ്ഫിർലീ* എന്നതിന്റെ വ്യത്യസ്ത അർഥങ്ങൾ

സൂറ ഇബ്റാഹീമിലെ 42-ാം വചനമായ **റബ്ബനഗ്ഫിർലീ വലിവാലിദയ്യ വലിൽമുഅ്മിനീന യൗമ യഖൂമുൽ ഹിസാബു** (ഞങ്ങളുടെ നാഥാ! എനിക്കും എന്റെ മാതാപിതാക്കൾക്കും സത്യവിശ്വാസികൾക്കും വിചാരണ നിലവിൽവരുന്ന നാളിൽ പൊറുത്തു തരേണമേ)എന്നതിനു നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ്[റ] പറയുന്നു:

'നബി ദൈവനുഗ്രഹത്താൽ നിഷ്കളങ്കനാകുന്നു. അപ്പോൾപ്പിന്നെ **നബി റബ്ബനഗ്ഫിർലീ** (എനിക്കു പൊറുത്തു തരേണമേ) എന്നു പറയുന്നതിന്റെ ഉദ്ദേശ്യമെന്താണ്? യഥാർഥത്തിൽ ദൈവജ്ഞാനമില്ലാത്തവന്റെ ദൃഷ്ടി പരിമിതമായിരിക്കും. അവന്റെ ദൃഷ്ടി മനുഷ്യൻവരെ മാത്രമെ പോകുകയുള്ളു. മനുഷ്യൻവരെ മാത്രമെ തൃപ്തിപ്രാപിക്കുകയുമുള്ളു. എന്നാൽ, ആരിഫിന്റെ(ദൈവത്തെ തിരിച്ചറിഞ്ഞവന്റെ)

ശേഷം പേജ് 12ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**"നമസ്കാരത്തിന്റെ കാമ്പും ആത്മാവും ദുആയാണ്. അതു ഒരു രുചിയും ആനന്ദവുമുൾക്കൊള്ളുന്നു."**
**(ഹദ്റത്ത് മസീഹ് മൗഊദ്(അ))**

**അനുഗൃഹീത റമളാൻ മാസത്തിൽ ചെയ്യുന്ന നന്മകൾ മുഴുവർഷവും തുടരാൻ ഉപദേശം**

**ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നതിന് ഈമാൻ അത്യാവശ്യമാണെന്നപോലെ വൈജ്ഞാനികവും കർമപരവുമായ അഭിവൃദ്ധിയും അത്യാവശ്യമാണ്. അതിനുവേണ്ടി ശ്രമിക്കുകയും വേണം.**

നമ്മുടെ ജമാഅത്ത് പരസ്പരം സത്യസന്ധമായ സഹതാപം കാണിക്കാത്തിടത്തോളം ജമാഅത്തിന് ആ ഹരിതാഭാവസ്ഥ കൈവരികയില്ല.

**നമ്മുടെ പ്രവർത്തനരൂപരേഖ ഇതാണ്: നമസ്കാരത്തിൽ സ്ഥായിയായ ശ്രദ്ധ, അത് മനോഹരമായി നിർവഹിക്കൽ, വിശുദ്ധഖുർആൻ പഠിക്കുകയും മനസ്സിലാക്കുകയും, അതിന്റെ കൽപനകൾ നടപ്പിൽവരുത്തുക, പരസ്പരമുള്ള അവകാശങ്ങൾ നിറവേറ്റുക, തൗഹീദിന്റെ സംസ്ഥാപനത്തിന് ഏതു ത്യാഗത്തിനും തയ്യാറായിരിക്കൽ.**

ലോകത്തിന്റെ പൊതുവായ അവസ്ഥകൾ നല്ലതാകുന്നതിനും പാക്കിസ്താനിലും മറ്റുരാജ്യങ്ങളിലുമുള്ള തടവുകാരായ അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യാൻ ആഹ്വാനം.

**അനുസ്മരണവും ജനാസ നമസ്കാരവും അബ്ദുൽബാഖി സാഹിബ്**
**(ചെയർമാൻ അശ്ശിർക്കത്തുൽഇസ്ലാമിയ്യ യു.കെ)**

**ഖുത്ബ ജുമുഅ 2022 ഏപ്രിൽ 29/1401 ശഹാദത്ത് 29,**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

റമളാൻ വരുകയും അതിൽനിന്ന് അനുഗ്രഹം നേടിയെടുക്കാൻ പരിശ്രമിച്ചവരുടെമേൽ അനുഗ്രഹങ്ങൾ ചൊരിഞ്ഞുകൊണ്ടു കടന്നു പോകുകയും ചെയ്തു. ഇനി രണ്ടു ദിവസമാണ് ബാക്കിയുള്ളത്. ചില സ്ഥലങ്ങളിൽ മൂന്നുദിവസം ബാക്കിയുണ്ടാകാം. പക്ഷേ, ഏതായിരുന്നാലും അതിന്റെ സമാപന നിമിഷത്തിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. ബുദ്ധിമാനും യഥാർഥ വിശ്വാസിയുമായ ഓരോരുത്തരും എപ്പോഴും ഓർക്കുന്നതും ഓർക്കേണ്ടതും,റമളാൻ അവസാനിക്കുന്നതോടുകൂടി നമ്മൾ നമ്മുടെ ഒരുപാടു ഉത്തരവാദിത്വങ്ങളിൽനിന്നും കടമകളിൽനിന്നും സ്വതന്ത്രരായി എന്നല്ല. മറിച്ച് റമളാൻ പ്രസ്തുത കടമകളും ഉത്തരവാദിത്വങ്ങളും യഥാവിധി നിർവഹിക്കുന്നതിനുള്ള ശിക്ഷണം നല്കിക്കൊണ്ടു കടന്നുപോയി എന്നാണ്.

പ്രസ്തുത ഉത്തരവാദിത്വങ്ങൾ സ്ഥായിയായി നിർവഹിക്കുന്നതിന്റെ വഴികൾ മനസ്സിലാക്കിത്തരുന്നതിനും അഭിവൃദ്ധിയുടെ ഘട്ടങ്ങൾ അടയാളപ്പെടുത്തിത്തരുന്നതിനുമാണ് അത് വന്നിരുന്നത്. ഇതെല്ലാം പഠിപ്പിച്ചുകൊണ്ട് അത് അതിന്റെ സമാപ്തിയിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. നിർബന്ധമായ നോമ്പുകളുടെ മാസം സമാപതിയിലേക്ക് എത്തിക്കൊണ്ടിരിക്കുകതന്നെയാണ്. എന്നാൽ, മറ്റു ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിനും അവയുടെ നിലവാരമുയർത്തുന്നതിനും അതിൽ പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്നതിനുമുള്ള സമയം ആരംഭിക്കുകയുമാണ്. റമളാനുശേഷം നമ്മൾ നമ്മുടെ ഉത്തരവാദിത്വങ്ങളും കടമകളും നിർവഹിക്കുന്നതിലുള്ള നിലവാരം എങ്ങനെയാണു നിലനിറുത്തേണ്ടതെന്ന യാഥാർഥ്യം നമ്മൾ മറക്കുകയാണെങ്കിൽ, നബി(സ)തിരുമേനി പറഞ്ഞതുപോലെ നമുക്ക് നമ്മുടെ റമളാനെ അനുഷ്ഠിക്കാൻ കഴിഞ്ഞിട്ടില്ല. ഒരു ഹദീഥിൽ വന്നിരിക്കുന്നു നബി(സ)തിരുമേനി പറഞ്ഞു: അഞ്ചു നേരനമസ്കാരങ്ങൾ, ഒരു ജുമുഅ അടുത്ത ജുമുഅവരെയും ഒരു റമളാൻ അടുത്ത റമളാൻവരെയും അതിന്നിടയിലുള്ള തിന്മകൾക്ക് പ്രാശ്ചിത്തമായി മാറുന്നതായിരിക്കും; വൻപാപങ്ങളിൽനിന്ന് ഒഴിഞ്ഞ് നിൽക്കണമെന്നുമാത്രം! *(സ്വഹീഹ് മുസ്ലിം,കിതാബുത്ത്വഹാറ, ബാബുസ്സലവാത്തിൽ ഖംസ്, ഹദീഥ് 552)*

ഓർക്കുക, മനുഷ്യൻ തന്റെ ചെറിയ ചെറിയ തിന്മകളും തെറ്റുകളും അടയാളപ്പെടുത്താതിരിക്കുകയും അവയിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കാതിരിക്കുകയും അവ സംഭവിച്ചുകഴിയുമ്പോൾ പശ്ചാത്തപിക്കുകയും പ്രായശ്ചിത്തം ചെയ്യാതിരിക്കുകയുമാണെങ്കിൽ അവതന്നെ വൻപാപങ്ങളായി മാറുന്നതാണ്.

അതിനാൽ ഇവിടെ ഉദ്ദേശിക്കുന്നത്, മനുഷ്യൻ ഏതുനേരവും അല്ലാഹുവിനോടുള്ള ഭയം ഹൃദയത്തിൽ നിലനിറുത്തിക്കൊണ്ട് ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുകയും അങ്ങനെ പാപങ്ങളിൽനിന്ന് രക്ഷപ്പെട്ടുകൊണ്ടിരിക്കുകയും വേണമെന്നാണ്. നമ്മൾ ഒരു റമളാനെ അടുത്ത റമളാനുമായി നന്മകൾ ചെയ്തുകൊണ്ടും സ്വന്തം ഉത്തരവാദിത്വങ്ങൾ നിറവേറ്റിക്കൊണ്ടും കടമകൾ പാലിച്ചുകൊണ്ടും അതായത് അല്ലാഹുവിനോടുള്ള കടമകളും സൃഷ്ടികളോടുള്ള കടമകളും പാലിച്ചുകൊണ്ട് വർഷത്തിലെ ബാക്കി മാസങ്ങൾ ചെലവഴിക്കുന്നില്ലെങ്കിൽ, നമ്മൾ റമളാനിൽ നിന്ന് പൂർണമായും പ്രയോജനമെടുത്തിട്ടില്ല. മഹ്ദീ മസീഹ് ഹദ്റത്ത് മിർസാഗുലാം അഹ്മദ്(അ) എല്ലാ കാര്യങ്ങൾക്കും വളരെ സ്പ്ഷ്ടമായ നിലയിൽ നമുക്കു മാർഗ്ഗദർശനം നൽകി എന്നത് നമ്മുടെ സൗഭാഗ്യമാണ്. അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുകയെന്നും ജനങ്ങളോടുള്ള കടമകൾ നിറവേറ്റുകയെന്നുമെല്ലാം അവിടന്ന് കൂടെക്കൂടെ നമ്മെ ഉപദേശിച്ചുകൊണ്ടിരിക്കുന്നു, അതായത് നമ്മുടെ സ്വന്തം ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള ഒരു പ്രവർത്തന രൂപരേഖ നമുക്ക് തന്നിരിക്കുന്നു. നമ്മൾ ഈ പ്രവർത്തന രൂപരേഖയെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കുകയാണെങ്കിൽ, അതനുസരിച്ച് നമ്മുടെ ജീവിതം ചെലവഴിക്കാൻ ശ്രമിക്കുകയാണെങ്കിൽ നമ്മൾ തീർച്ചയായും നന്മകളിൽ മുന്നേറുന്നവരും പുരോഗതിയുടെ വഴികളിൽ ചലിക്കുന്നവരുമായി മാറുന്നതാണ്. അതു ഒരു റമളാനെ അടുത്ത റമളാനുമായി ബന്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗമാകുന്നു. അതു ഇതിന്നിടയിൽ സംഭവിച്ചുപോകുന്ന തെറ്റുകളിൽനിന്നും പാപങ്ങളിൽനിന്നും രക്ഷപ്പെടുത്തുന്നതിനും

മാപ്പാക്കിക്കുന്നതിനുമുള്ള മാർഗ്ഗങ്ങളാകുന്നു. അതായത് അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ സ്ഥായിയായ അവകാശികളായിത്തീരുന്നതിന് അതനുസരിച്ച് ജീവിക്കാൻ ഇക്കാലഘട്ടത്തിൽ നബി(സ)തിരുമേനിയുടെ സത്യദാസൻതന്നെയാണ് ഇസ്ലാമിന്റെ യഥാർഥ അധ്യാപനമനുസരിച്ച് നമ്മുടെ ജീവിതത്തെ ചെലവഴിക്കുന്നതിന് കൂടെക്കൂടെ ഉപദേശിക്കുകയും വ്യക്തമായി പറഞ്ഞു തരികയും ചെയ്തിട്ടുള്ളത്. ആ മഹാത്മാവിന്റെ ഏതാനും ഉപദേശങ്ങൾ ഞാൻ ഇപ്പോൾ വിവരിക്കുന്നതാണ്.

റമളാനിൽ നമുക്ക് ഇബാദത്തുകളിലേക്ക് പ്രത്യേക ശ്രദ്ധയുണ്ടാകുന്നു. ഫർള് നമസ്കാരങ്ങളും നഫ്ലുകളും നമ്മൾ പ്രത്യേകം തയ്യാറെടുപ്പോടുകൂടി അനുഷ്ഠിക്കാൻ ശ്രമിക്കുന്നു. എന്നാൽ, നമസ്കാരങ്ങൾ നിർബന്ധമാകുന്നതിന് ഏതെങ്കിലും പ്രത്യേക മാസവുമായോ പ്രത്യേക സമയവുമായോ ബന്ധമൊന്നുമില്ല. പ്രത്യുത ദിവസത്തിൽ അഞ്ചു നമസ്കാരവും അതിന്റെ നിശ്ചിത സമയങ്ങളിൽ വർഷത്തിൽ പന്ത്രണ്ടു മാസവും നിർവഹിക്കേണ്ടത് നിർബന്ധമാണ്. നബി(സ) തിരുമേനി ഇതു സംബന്ധിച്ച് വിശ്വാസികളെ ആവർത്തിച്ചുണർത്തിയിട്ടുമുണ്ട്. നബി(സ)തിരുമേനി ഒരിക്കൽ പറഞ്ഞു: 'നമസ്കാരം ഉപേക്ഷിക്കുന്നത് മനുഷ്യനെ അവിശ്വാസത്തിന്റേയും അന്യാരാധനയുടേയും അടുത്തെത്തിക്കുന്നു.'*(സ്വഹീഹ് മുസ്‌ലിം,കിതാബുൽഈമാൻ, ഹദീഥ് 247)*

വീണ്ടും നബി(സ)തിരുമേനി പറയുന്നു: ഖിയാമത്തുനാൾ മനുഷ്യനോടുള്ള ആദ്യത്തെ കണക്കെടുപ്പ് നമസ്കാരത്തെ സംബന്ധിച്ചായിരിക്കും. ഈ കണക്ക് ശരിയായിരിക്കുകയാണെങ്കിൽ അവൻ വിജയിക്കുകയും മോക്ഷം പ്രാപിക്കുകയും ചെയ്തു.' *(സുനൻ തിർമുദി, അബ്വാബുസ്സലാത്ത്, ഹദീഥ് നമ്പർ 413)*

അപ്പോൾ ഇതാണ് നമസ്കാരത്തിന്റെ പ്രാധാന്യം. നമസ്കാരം ഏതെങ്കിലും മാസത്തേക്കുമാത്രം സവിശേഷപ്പെട്ടതല്ല. പ്രത്യുത ദിവസത്തിൽ അഞ്ചു നമസ്കാരത്തിലേക്കും ശ്രദ്ധ ക്ഷണിച്ചിരിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) നമസ്കാരത്തിന്റെ പ്രാധാന്യത്തെ കുറിച്ച് നമ്മെ ആവർത്തിച്ചുണർത്തുകയും ഉപദേശിക്കുകയും വ്യക്തമായി വിവരിച്ചുതരികയും ചെയ്തിരിക്കുന്നു. അതായത് എന്താണ് നമസ്കാരം? അതെങ്ങനെയാണ് നിർവഹിക്കേണ്ടത്? നമസ്കാരത്തിൽ ആനന്ദമുണ്ടാകുന്നതെങ്ങനെയാണ്? ഈ ആനന്ദമുണ്ടാകുന്നതിന് പരിശ്രമിക്കേണ്ടതാണ്. അല്ലാഹുവിനോടുള്ള സ്നേഹം വർധിപ്പിക്കുന്ന രീതിയിലായിരിക്കണം നമസ്കരിക്കേണ്ടത്. അല്ലാതെ ഏതെങ്കിലും ഭൗതികമായ ആവശ്യം നേരിടുമ്പോൾ നമസ്കാരപ്പായ വിരിക്കുകയോ മസ്ജിദിലേക്ക് പോകുകയോ കുറച്ചുനേരം കരഞ്ഞു ദുആ ചെയ്യുകയോ അല്ല വേണ്ടത്. പ്രശ്നം പരിഹരിക്കപ്പെടുമ്പോൾ അതെല്ലാം മറക്കുകയും അല്ലെങ്കിൽ റമളാനിൽ മാത്രം നമസ്കാരങ്ങളിലേക്ക് ശ്രദ്ധിക്കുകയും പിന്നീടു മറക്കുകയും അതിൽ ശ്രദ്ധിക്കാതിരിക്കുകയുമല്ല വേണ്ടത്. ഇങ്ങനെയാണെങ്കിൽ നമസ്കാരങ്ങളോ ജുമുഅയോ നോമ്പോ, ഞാൻ വിവരിച്ച ഹദീഥുപ്രകാരം തിന്മകൾ മാപ്പാക്കുന്നവയാകുകയില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) നമസ്കാരമെന്താണെന്ന് വിവരിച്ചുകൊണ്ടു പറയുന്നു: 'നമസ്കാരം ഒരു പ്രത്യേക ദുആയാണ്. എന്നാൽ, ജനങ്ങൾ ഇതിനെ രാജാക്കന്മാരുടെ മേഃ ആണെന്നാണ് മനസ്സിലാക്കുന്നത്. നിർബന്ധിതരായ അവസ്ഥയിൽ അവർ അതനുഷ്ഠിക്കുന്നു. അല്ലാഹുവിനു ഇക്കാര്യങ്ങളുടെ ആവശ്യമെന്താണെന്ന് വിവരദോഷികൾ അല്പം പോലും ചിന്തിക്കുന്നില്ല. പരാശ്രയരഹിതമായ അവന്റെ അസ്തിത്വത്തിന്, മനുഷ്യൻ ദുആയും തസ്ബീഹും തഹ്‌ലീലും ചെയ്തുകൊണ്ടിരിക്കേണ്ടണ്ട ആവശ്യമെന്താണ്? വാസ്തവത്തിൽ മനുഷ്യനുതന്നെയാണ് ഇതിൽ പ്രയോജനമുള്ളത്. അവൻ ഈ മാർഗത്തിലൂടെ തന്റെ ലക്ഷ്യത്തിൽ എത്തിച്ചേരുന്നു.' അദ്ദേഹം പറയുന്നു: ഇന്ന് ദൈവാരാധനയോടും തഖ്‌വാ അഥവാ ഭക്തിയോടും ദീനീപരമായ കാര്യങ്ങളോടും സ്നേഹമില്ലാത്തതു കാണുമ്പോൾ എനിക്കു സങ്കടമുണ്ട്. ഇതു സ്നേഹവുമായി ബന്ധപ്പെട്ട കാര്യങ്ങളാകുന്നു. സ്നേഹമുണ്ടെങ്കിൽ ഈ കടമകൾ ശരിയായി അനുഷ്ഠിക്കുന്നതായിരിക്കും. സ്നേഹമില്ലാത്തതിനുകാരണം, പൊതുവിൽ വിഷലിപ്തമായ പ്രഭാവത്തിന്റെ ആചാരോപചാരങ്ങളാണുള്ളത്. അതുകാരണം അല്ലാഹുവിനോടുള്ള സ്നേഹം തണുത്ത് പോയികൊണ്ടിരിക്കുകയാണ്. മനുഷ്യൻ അധികമായി ആചാരോപചാരങ്ങളിൽ അകപ്പെട്ടിരിക്കുന്നു. ആരാധനാകർമങ്ങളിൽ ഏതുരീതിയിലുള്ള ആനന്ദമാണോ ഉണ്ടാകേണ്ടത് അതുണ്ടാകുന്നില്ല. ലോകത്തുള്ള ഒരു വസ്തുവിലും ആനന്ദവും ഒരു പ്രത്യേക രുചിയും അല്ലാഹു വെക്കാതിരുന്നിട്ടില്ല. ഒരു രോഗിക്ക് വളരെ നല്ല ഭക്ഷണമാണെങ്കിൽപോലും അതിന്റെ രുചി ആസ്വദിക്കാൻ കഴിയുന്നില്ല. അവനത് കൈപ്പേറിയതോ അതല്ലെങ്കിൽ തികച്ചും രുചിയില്ലാത്തതോ ആയി അനുഭവപ്പെടുന്നു. മരുന്നുകൾ കഴിച്ച് അതല്ലെങ്കിൽ രോഗംകാരണം വായിൽ രുചി ഇല്ലാതാകുകയും അതല്ലെങ്കിൽ ഒരു വസ്തുവിന്റേയും രുചി ഇല്ലാതാകുകയും ചെയ്യുന്നു. രോഗി ഭക്ഷണം നിരാകരിക്കുകയോ ഭക്ഷണത്തിന്റെ കുറവുകൾ പറഞ്ഞുകൊണ്ടിരിക്കുകയോ ചെയ്യുന്നു.' അദ്ദേഹം പറയുന്നു: 'ഇതേപോലെ, അത്തരമാളുകൾ അല്ലാഹുവിനോടുള്ള ഇബാദത്തുകളിൽനിന്നുള്ള രുചിയും അഭിരുചിയും പ്രാപിക്കാത്തവരും രോഗികളെപോലെയുമാണ്. അവർ തങ്ങളുടെ രോഗത്തെ സംബന്ധിച്ച് ചിന്തിക്കേണ്ടതാണ്. കാരണം ഞാനിപ്പോൾ പറഞ്ഞു വന്നതുപോലെ അല്ലാഹു ലോകത്ത് ഒരു സംഗതിയും രുചിയില്ലാത്തതായി ഉണ്ടാക്കിയിട്ടില്ല. അല്ലാഹു മനുഷ്യകുലത്തെ, തന്നെ ആരാധിക്കാൻ വേണ്ടി സൃഷ്ടിച്ചിരിക്കെ ആ ആരാധനയിൽ അവനു ആനന്ദവും സന്തോഷവും അഭിരുചിയും ഉണ്ടാകാതിരിക്കേണ്ട കാരണമെന്താണ്?' അദ്ദേഹം പറയുന്നു: അതിൽ രുചിയും ആനന്ദവുമുണ്ട്. ഇല്ലെന്നല്ല. പക്ഷേ, ആ ആനന്ദം ആസ്വദിക്കുന്ന വല്ലവനും വേണ്ടേ! അല്ലാഹു പറയുന്നു: ***വമാ ഖല ഖ്ത്തുൽജിന്ന വൽഇൻസ ഇല്ലാ ലിയ അ്ബുദൂൻ***(51:57) മനുഷ്യൻ ഇബാദത്തിനുവേണ്ടി മാത്രമാണ് സൃഷ്ടിക്കപ്പെട്ടതെങ്കിൽ ഇബാദത്തിൽ രുചിയും ആനന്ദവും ഒരുപാട് ഉണ്ടായിരിക്കേണ്ടതുതന്നെയാണ്. എന്തിനു വേണ്ടിയാണോ അവൻ സൃഷ്ടിക്കപ്പെട്ടത്, അതനുസരിച്ച് അതിൽ തീർച്ചയായും രുചി ഉണ്ടായിരിക്കേണ്ടതാണ്. ഇതിനെക്കുറിച്ച് നമ്മുടെ ദൈനംദിന കാഴ്ചയിലൂടെയും അനുഭവത്തിലൂടെയും നല്ലപോലെ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നതാണ്.' അദ്ദേഹം പറയുന്നു: 'ഉദാഹരണമായി, നോക്കുക! ധാന്യങ്ങളും മറ്റെല്ലാ അശനപാനീയങ്ങളും മനുഷ്യനുവേണ്ടിയാണ് സൃഷ്ടിച്ചിട്ടുള്ളത്. ഭക്ഷ്യയോഗ്യമായ എല്ലാ സാധനങ്ങളും മനുഷ്യനുവേണ്ടി സൃഷ്ടിച്ചിരിക്കുന്നുവെന്നിരിക്കെ അവയിൽ ഒരു ആനന്ദവും രുചിയും ആസ്വദിക്കാൻ അവനു കഴിയുന്നില്ലേ. ഈ സ്വാദും രുചിയും ആസ്വദിക്കുന്നതിന് അവന്റെ വായിൽ നാവില്ലേ? ഭംഗിയുള്ള വസ്തുക്കൾ കാണുമ്പോൾ, ചെടികളാണെങ്കിലും ഖരവസ്തുക്കളാണെങ്കിലും മൃഗങ്ങളാണെങ്കിലും മനുഷ്യന് അവയെ കാണുമ്പോൾ സന്തോഷം തോന്നുന്നില്ലേ? ഹൃദയാകർഷവും മധുരമുള്ളതുമായ ശബ്ദങ്ങൾ കേൾക്കുമ്പോൾ അവന്റെ കാതുകളിൽ ആനന്ദമുണ്ടാകുന്നില്ലേ? സംഗതി ഇങ്ങനെയിരിക്കെ ഇബാദത്തുകളിലുള്ള ആനന്ദത്തിന് മറ്റെന്തെങ്കിലും തെളിവുകൾ വേണോ? എല്ലാ വസ്തുക്കളിലും രുചിയുണ്ട്. അതിൽനിന്ന് മനുഷ്യൻ ആനന്ദം ആസ്വദിക്കുന്നുമുണ്ട്. അപ്പോൾ പിന്നെ ഇബാദത്തുകളിൽ എന്തുകൊണ്ടില്ല? അദ്ദേഹം പറയുന്നു: 'നല്ലപോലെ അറിയുക! ഇബാദത്ത് ഒരു ഭാരമോ നികുതിയോ അല്ല. അതിലും ഒരു രുചിയും ആനന്ദവുമുണ്ട്. ഈ രുചിയും ആനന്ദവും ലോകത്തുള്ള മറ്റെല്ലാ ആനന്ദങ്ങളെക്കാളും മാനസികോല്ലാസങ്ങളെക്കാളും ഉന്നതവും ശ്രേഷ്ഠവുമാകുന്നു.' അദ്ദേഹം പറയുന്നു: 'ഒരു രോഗിക്ക് ഏറ്റവും നല്ല ഭക്ഷണത്തിന്റെ രുചി ആസ്വദിക്കാൻ കഴിയാത്തതുപോലെ, ദൗർഭാഗ്യവനായ ഒരു മനുഷ്യന് ദൈവികമായ ഇബാദത്തുകളിലും ആനന്ദമാസ്വദിക്കാൻ കഴിയുന്നില്ല. അവന്റെ അവസ്ഥയും രോഗികളുടേതുപോലെ തന്നെയാണ്. തങ്ങളുടെ രോഗത്തെ ചികിത്സിക്കുകയും അതെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുക. എങ്ങനെയാണ് ആനന്ദം കൈവരിക്കാൻ ശ്രമിക്കേണ്ടത് എന്നതിനെ സംബന്ധിച്ച് മനസ്സിലാക്കിയിരിക്കേണ്ടത് നിർബന്ധമാണ്.

ഏതൊരു വസ്തുവിനെ സംബന്ധിച്ചാണോ മനുഷ്യന് അറിയാത്തത് അതിന്റെ രുചി എങ്ങനെ കരസ്ഥമാക്കാൻ കഴിയും? എല്ലാ ഇന്ദ്രിയങ്ങളും നിർജീവമായിപോയിരിക്കെ എങ്ങനെയാണ് അയാൾക്ക് ഏതെങ്കിലും അനുഗ്രഹങ്ങളിൽനിന്നും അതിന്റെ രുചിയിൽനിന്നും

ഫലമെടുക്കാൻ കഴിയുക? ആനന്ദം ആസ്വദിക്കാൻ കഴിയുക? ഭൗതികതയിൽ ആണ്ടുപോകുമ്പോൾ, താൻ ഇക്കാര്യങ്ങളിൽ രോഗിയാകുന്നു എന്ന ചിന്തപോലും മനുഷ്യനുണ്ടാകുന്നില്ല. ഈ അവസ്ഥ അകറ്റുന്നതിനുള്ള മാർഗങ്ങളും അദ്ദേഹം വിവരിച്ചിട്ടുണ്ട്.

വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) പറയുന്നു: 'ഞാൻ മനസ്സിലാക്കുന്നത് ജനങ്ങൾ നമസ്കാരത്തിൽ അശ്രദ്ധരും അലസരുമാകുന്നതിനു കാരണം അവർക്ക്, അല്ലാഹു നമസ്കാരത്തിനുള്ളിൽ നിക്ഷേപിച്ചിട്ടുള്ള അതിന്റെ രുചിയും ആനന്ദവും എന്താണെന്ന് അറിവില്ലാത്തതാണ്. അതിനുള്ള വലിയൊരു കാരണം അവർക്ക് അതിനെ കുറിച്ച് അറിവില്ല എന്നതാണ്. പിന്നെ നഗരങ്ങളിലും ഗ്രാമങ്ങളിലും കുറെക്കൂടി അലംഭാവവും അലസതയുമുണ്ടാകുന്നു. നൂറിൽ അമ്പതു ശതമാനംപോലും പൂർണ ശ്രദ്ധയോടും സത്യസന്ധമായ സ്നേഹത്തോടുകൂടി തങ്ങളുടെ യഥാർഥ യജമാനനു മുന്നിൽ കുമ്പിടുന്നില്ല. ഇവിടെയും ഉദിക്കുന്ന പ്രശ്നം എന്തുകൊണ്ട് എന്നതാണ്. എന്തുകൊണ്ടാണ് തല കുനിക്കാത്തത്? എന്തുകൊണ്ടാണ് ആരാധനാകർമങ്ങൾ നിർവഹിക്കാത്തത്? അവർക്ക് ഇബാദത്തുകൾ അഥവാ ആരാധനകളെക്കുറിച്ച് അറിവില്ല. അവർ ഒരിക്കലും അതിന്റെ രുചി അറിഞ്ഞിട്ടില്ല. ചില സമയത്ത് നാം നമ്മുടെ ജോലികളിൽ വ്യാപൃതരായിരിക്കും. ബാങ്ക് കൊടുക്കുന്ന ആൾ ബാങ്ക് കൊടുക്കുന്നുണ്ടാകും. അപ്പോൾ അയാളുടെ ബാങ്ക് കേൾക്കാൻപോലും ആഗ്രഹിക്കുന്നില്ല. മതത്തിൽ അത്തരത്തിലുള്ള ഒരു കൽപ്പനയുമില്ലെന്ന് അങ്ങനെയുള്ളവർ പറയുകയും ചെയ്യുന്നു. തങ്ങൾ തങ്ങളുടെ പണികളിൽ വ്യാപൃതരാണ്, എന്നിരിക്കെ ഇയാൾ ബാങ്ക് കൊടുത്തുകൊണ്ട് എന്തിനാണ് തങ്ങളെ പ്രയാസത്തിൽ അകപ്പെടുത്തുന്നത്. അതായത് അവരുടെ മനസ്സ് വേദനിക്കുന്നു. ബാങ്ക് കേൾക്കുമ്പോൾ അവരുടെ ഹൃദയം അസ്വസ്ഥമാകുന്നു. ചിലപ്പോൾ ചിലർ ജനങ്ങളോട് ഇങ്ങനെയും പറയാറുണ്ട്, 'കാണിക്കാൻ വേണ്ടിയെങ്കിലും നമസ്കരിക്കാൻ പോകണമല്ലോ? അല്ലെങ്കിൽ കടകൾ പൂട്ടിയിടണം! ഇത്തരമാളുകൾ വളരെയേറെ ദയ അർഹിക്കുന്നവരാണ്. ഇവിടെയും അങ്ങനെയുള്ള ആളുകളുണ്ട്. അവരുടെ കടകൾ മസ്ജിദിനു താഴെയാണ്. പക്ഷേ, ഒരിക്കലും മസ്ജിദുകളിൽവന്നു നിൽക്കാൻപോലും തയ്യാറാകുന്നില്ല. ചുരുക്കത്തിൽ ഞാൻ പറയാനാഗ്രഹിക്കുന്നത് അല്ലാഹുവിനോടു വളരെ വിലപിച്ചുകൊണ്ടും ഉത്സാഹത്തോടുകൂടിയും ഇങ്ങനെ ദുആ ചെയ്യുക: 'ഫലവർഗങ്ങൾക്കും മറ്റുസാധനങ്ങൾക്കും രുചി നൽകിയതുപോലെ നമസ്കാരത്തിന്റേയും മറ്റു ആരാധനകളുടെയും രുചി ഒരിക്കൽ ഞങ്ങൾക്കും പ്രാപ്യമാക്കിയാലും.

അല്ലാഹുവിനോടുതന്നെ ഇതു ചോദിക്കേണ്ടത് നിർബന്ധമാണ്. അപ്പോഴാണ് രുചി ലഭിക്കുക. അതായത് നമസ്കാരത്തിന്റെ രുചി അല്ലാഹു തങ്ങളെ ആസ്വദിപ്പിക്കണമെന്നു ദുആ ചെയ്യുക. അങ്ങനെയൊരിക്കൽ ഈ രുചിയുണ്ടാകുകയാണെങ്കിൽ പിന്നെ ആ രുചിയെ കുറിച്ച് അറിവുമുണ്ടാകുന്നതാണ്. മാത്രമല്ല അതിലേക്ക് ശ്രദ്ധയുമുണ്ടാകും. നോക്കുക! ആരെങ്കിലും ഏതെങ്കിലും സൗന്ദര്യത്തെ ഒരു സന്തോഷത്തോടുകൂടി നോക്കുമ്പോൾ അതവന് നല്ലപോലെ ഓർമ നിൽക്കുന്നതാണ്. അതുപോലെ ഏതെങ്കിലും വികൃതരൂപത്തെ, വെറുക്കപ്പെട്ടരൂപത്തെ നോക്കുമ്പോൾ അതിന്റെ എല്ലാ അവസ്ഥയും വളരെ വ്യക്തമായി അയാൾക്കു മുന്നിൽ വരുന്നതാണ്. എന്തെങ്കിലും ബന്ധമില്ലെങ്കിൽ ഒന്നും ഓർമയുണ്ടാകുകയില്ല. അതുപോലെ നമസ്കരിക്കാത്തവരുടെ പക്കൽ നമസ്കാരം ഒരു ഫൈൻ അഥവാ പിഴയാകുന്നു. അതായത് അനാവശ്യമായി രാവിലെ എഴുന്നേറ്റ് തണുപ്പിൽ വുളുചെയ്ത് നല്ല സമാധാനത്തെ കെടുത്തിയും ഒരുപാടു സുഖങ്ങൾ നഷ്ടപ്പെടുത്തിയും നമസ്കരിക്കേണ്ടി വരുന്നു. യഥാർഥത്തിൽ അയാൾ അതിനെ വെറുക്കുകയാണ് ചെയ്യുന്നത്. നമസ്കാരത്തിലുള്ള ആനന്ദവും സമാധാനവും അയാൾക്ക് മനസ്സിലാകുന്നില്ല. അയാൾ മുഅ്മിനാണെന്നും മുസ്ലിമാണെന്നുമാണ് പറയപ്പെടുന്നത്. എന്നാൽ, വാസ്തവത്തിൽ മനസ്സിൽ ഒരു അസ്വസ്ഥതയാണുള്ളത്. അയാൾക്ക് ഈ നമസ്കാരത്തിനെതിരിൽ ഉറക്കത്തിലാണ് ആനന്ദവും രുചിയുമുണ്ടാകുന്നത്. പറയുന്നു: 'അയാൾക്ക് അതിനെ കുറിച്ച് അറിയുക പോലുമില്ല. പിന്നെ നമസ്കാരത്തിലെങ്ങനെയാണ് അയാൾക്ക് ആനന്ദമുണ്ടാകുക. ഒരു മദ്യപാനി തനിക്ക് ആനന്ദം കിട്ടാതെ വരുമ്പോൾ കൂടെക്കൂടെ മദ്യപിക്കുന്നതായി നമുക്ക് കാണാം. അങ്ങനെ അയാൾക്ക് ഒരു തരം ലഹരി ഉണ്ടാകുന്നു. ബുദ്ധിമാനായ ഒരു മനുഷ്യനു ഇതിൽനിന്ന് പാഠമുൾക്കൊള്ളാൻ കഴിയും. ഒരു മദ്യപാനിയിൽനിന്ന് എങ്ങനെയാണ് പാഠമുൾക്കൊള്ളാൻ കഴിയുക! ആത്മാർഥനായ ഒരു വിശ്വാസിയാണെങ്കിൽ, നമസ്കാരത്തിലെ ആത്മീയാനന്ദം കിട്ടുന്നില്ലെങ്കിൽ അയാൾ അതു കിട്ടുന്നതുവരെ നമസ്കരിച്ചുകൊണ്ടേ പോകുക.'

ഏതുപോലെയെന്നാൽ മദ്യപാനിയുടെ മനസ്സിൽ തനിക്ക് മദ്യത്തിൽനിന്ന് ഒരു ലഹരിയുണ്ടാകണമെന്നാണ് ഉദ്ദേശ്യം. അതു കിട്ടുന്നതുവരെ അയാൾ കുടിച്ചുകൊണ്ടേപോകും. അതേപോലെ മുഅ്മിനും നമസ്കാരത്തിലെ രുചി കിട്ടുന്നതിന് നമസ്കരിച്ചുകൊണ്ടേ പോകണം. പ്രാർഥിക്കുകയും പരിശ്രമിക്കുകയും വേണം. പിന്നെ ആത്മാർഥമായും ആവേശത്തോടെയും ചുരുങ്ങിയത് മദ്യപാനിയുടെ അസ്വസ്ഥതയും ഉത്സാഹവും പോലെയെങ്കിലും ദുആ വരേണ്ടതാണ്. ഹൃദയത്തിൽനിന്ന് ദുആ ഉണ്ടാകുമ്പോൾ നേരത്തെ പറഞ്ഞതുപോലെ അല്ലാഹുവിനോട്, അല്ലാഹുവേ! എനിക്ക് ആനന്ദവും രുചിയും നൽകേണമേ എന്ന് ദുആ ചെയ്യുക.' അദ്ദേഹം പറയുന്നു: 'ഞാൻ സത്യമായും പറയുന്നു. തീർച്ചയായും ആ ആനന്ദം കരസ്ഥമാക്കാൻ കഴിയുന്നതാണ്. ഇങ്ങനെ വേദനയോടു കൂടി പ്രാർഥിക്കുകയാണെങ്കിൽ ആ ആനന്ദവും ലഭിക്കുന്നതായിരിക്കും. നമസ്കരിക്കുന്ന നേരത്ത് അതിൽനിന്ന് ലഭിക്കാനുള്ള പ്രയോജനങ്ങളെ കുറിച്ച് ശ്രദ്ധിക്കേണ്ടതാണ്. നന്മകളെ കുറിച്ച് ശ്രദ്ധിക്കേണ്ടതാണ്. അല്ലാഹു പറയുന്നു: ***ഇന്നൽഹസനാത്തി യുദ്ഹിബ്നസ്സയ്യിആത്തി***(11:115) തീർച്ചയായും സൽകർമങ്ങൾ ദുഷ്കർമങ്ങളെ അകറ്റിക്കളയുന്നു. ചുരുക്കത്തിൽ ഈ ഔദാര്യത്തേയും ആനന്ദത്തേയും മനസ്സിലാക്കിക്കൊണ്ട് സിദ്ദീഖുമാർക്കും മുഹ്സിനീങ്ങൾക്കും ലഭ്യമായ നമസ്കാരം ലഭിക്കുമാറാകേണമേ എന്ന് ദുആ ചെയ്യുക. ***ഇന്നൽഹസനാത്തി യുദ്ഹിബ്നസ്സയ്യിആത്തി*** നന്മകൾ തിന്മകളെ ഇല്ലാതാക്കുന്നു എന്ന് പറയുന്നു. അതുപോലെ മറ്റൊരു സന്ദർഭത്തിൽ പറയുന്നു, നമസ്കാരം നീചകൃത്യങ്ങളേയും നിഷിദ്ധകർമങ്ങളേയും നിശ്ചയമായും തടയുന്നതാണ്.(29:46) ചിലയാളുകൾ നമസ്കരിക്കുന്നവരാണെങ്കിൽ പോലും തിന്മകൾ ചെയ്യുന്നതായി നമ്മൾ കാണാറുണ്ട്! അതിനുള്ള മറുപടി എന്തെന്നാൽ, അവർ നമസ്കരിക്കുന്നു പക്ഷേ, ആത്മാർഥമായും സത്യസന്ധതയോടുകൂടിയുമല്ല. അതായത് നമസ്കാരത്തിൽ ഒരു പ്രഭാവവുമുണ്ടാകുന്നില്ലെങ്കിൽ അതിനർഥം നമസ്കരിക്കുന്നുവെങ്കിലും അത് ആത്മാർഥതയും സത്യസന്ധതയുമില്ലാത്ത നമസ്കാരമാണെന്നാണ്. അവർ ആചാരവും ശീലവുമെന്ന നിലയ്ക്ക് കുമ്പിടുകയാണ്. അവരുടെ മനസ്സുകൾ മൃതമാകുന്നു. അല്ലാഹു അവയുടെ പേര് 'ഹസനാത്ത്' എന്നല്ല പറയുന്നത്.' അത്തരത്തിലുള്ള നമസ്കാരങ്ങൾ ഹസനാത്തിൽ എണ്ണപ്പെടുകയുമില്ല. ഇവിടെയും ഹസനാത്ത് എന്ന പദമാണ് വെച്ചിട്ടുള്ളത്; സ്വലാത്ത് എന്നല്ല. അതുതന്നെയാണ് അർഥമെങ്കിൽ അതിനുള്ള കാരണം എന്തെന്നാൽ, നമസ്കാരത്തിന്റെ മേന്മയിലേക്കും സൗന്ദര്യത്തിലേക്കുമാണ് സൂചന നൽകുന്നത്. നമസ്കാരങ്ങൾ തിന്മകളെ അകറ്റുന്നു. അത് അവയ്ക്കുള്ളിൽ സത്യസന്ധതയുടെ ഒരു ആത്മാവുള്ളതാകുന്നു. അനുഗ്രഹത്തിന്റെ പ്രഭാവങ്ങൾ അതിലുണ്ട്.

ആ നമസ്കാരം തീർച്ചയായും തിന്മകളെ അകറ്റുന്നതാണ്. നമസ്കാരം ഇരുന്നെഴുന്നേൽക്കുന്നതിന്റെ പേരല്ല. ഇരുന്നെഴുന്നേൽക്കുക അല്ല ഉദ്ദേശ്യം. നമസ്കാരത്തിന്റെ അന്തസത്ത ആത്മാവ് ഒരു ആനന്ദവും സന്തോഷവുമുൾക്കൊള്ളുന്ന പ്രാർഥനയാകുന്നു എന്നതാണ്. *(മൽഫൂദാത്ത് വാല്യം 1, പേജ് 162-164, 1984 പതിപ്പ്)*

അതുകൊണ്ട് ഈ രുചിയും ആനന്ദവും കരസ്ഥമാകുന്നതിനു വേണ്ടിയും ഇപ്പറഞ്ഞ രോഗത്തിൽനിന്ന് പുറത്ത് കടക്കുന്നതിനു വേണ്ടിയും ദുആ അനിവാര്യമാകുന്നു. കേവലം തന്റെ ഭൗതിക ആഗ്രഹങ്ങൾ പൂർത്തിയാകുന്നതിനുള്ള പ്രാർഥനയാകരുത്. മറിച്ച് അതിനും ദുആ ചെയ്യാവുന്നതാണ്. രോഗി രോഗാവസ്ഥയിൽനിന്ന് ആരോഗ്യമുള്ളവനായി തീരാൻ മനുഷ്യൻ എല്ലാ ഉപായങ്ങളും ഉപയോഗപ്പെടുത്തുന്നു. ചികിത്സിക്കുകയും ചെയ്യുന്നു, പ്രാർഥിക്കുകയും ചെയ്യുന്നു.

ഇതിന് വേണ്ടിയും അതു പോലെ ചെയ്യുവിൻ!

ആ മഹാത്മാവ് ഉപദേശിച്ചുകൊണ്ടു പറയുന്നു: 'നബി(സ)തിരുമേനി നമസ്കരിച്ചതുപോലെ നമസ്കരിക്കുവിൻ. അതേസമയം തങ്ങളുടെ ആവശ്യങ്ങളും ഉദ്ദേശ്യങ്ങളും സുന്നത്തായ ദിക്റുകൾക്കുശേഷം സ്വന്തം ഭാഷയിൽ തീർച്ചയായും പറയാവുന്നതാണ്. അല്ലാഹുവിനോട് ചോദിക്കുക. അതിൽ ഒരു തെറ്റുമില്ല. അതുകാരണം നമസ്കാരം ഒരിക്കലും നഷ്ടപെടുന്നതുമല്ല. ഇന്ന് ജനങ്ങൾ നമസ്കാരത്തെ കേടുവരുത്തി കൊണ്ടിരിക്കുന്നു. നമസ്കരിക്കുന്നതുപോകട്ടെ, തലകുത്തുകയാണ് ചെയ്യുന്നത്. നമസ്കാരം വളരെ വേഗം പക്ഷികൾ കൊത്തിപ്പെറുക്കുന്നതുപോലെ നമസ്കരിക്കുന്നു. ശേഷം ദുആക്കുവേണ്ടി കാത്തിരിക്കുകയും ചെയ്യുന്നു. പ്രത്യേകിച്ച് നമ്മുടെ ഏഷ്യയിൽ നമ്മുടെ ഇന്ത്യയിലും പാകിസ്താനിലും ഇതാണ് രീതി. നമസ്കാരം വേഗം വേഗം നമസ്കരിക്കുകയും അതിനുശേഷം കൈകളുയർത്തി പ്രാർഥിക്കുകയും ചെയ്യുന്നു. അദ്ദേഹം പറയുന്നു: 'നമസ്കാരത്തിന്റെ യഥാർഥ കാമ്പും ആത്മാവും ദുആ തന്നെയാകുന്നു. നമസ്കാരത്തിൽനിന്ന് പുറത്ത് വന്നശേഷം ആ യഥാർഥ ഉദ്ദേശ്യം എങ്ങനെ പ്രാപിക്കാൻ കഴിയും. ഇത് രാജാവിന്റെ ദർബാറിൽ പോവുകയും അയാൾക്ക് തന്റെ അവസ്ഥകൾ വിവരിക്കാൻ അവസരമുണ്ടാകുകയും ചെയ്തിട്ടും ആ സമയത്തൊന്നും പറയാതെ ദർബാറിനു പുറത്തുവന്നശേഷം തന്റെ അപേക്ഷ സമർപ്പിക്കുന്നതുപോലെയാണ്. ഇതുകൊണ്ടെന്തു പ്രയോജനമാണുണ്ടാകുക? നമസ്കാരത്തിൽ ഭക്തി ആദരവോടുകൂടി ദുആ ചെയ്യാത്തവരുടെ അവസ്ഥയും ഇതുതന്നെയാണ്. നിങ്ങൾക്ക് ചെയ്യാനുള്ള ദുആകളെല്ലാം നമസ്കാരത്തിൽ ചെയ്യുക. ദുആയുടെ എല്ലാ മര്യാദകളെയും പാലിക്കുകയും വേണം.' *(മൽഫൂദാത്ത് വാള്യം 3, പേജ് 258, 1984 പതിപ്പ്)*

നമസ്കരിക്കേണ്ടണ്ടരീതി നബി(സ)തിരുമേനി നമുക്ക് എങ്ങനെയാണ് പഠിപ്പിച്ചുതന്നിട്ടുള്ളത്. ഒരു നിവേദനത്തിൽ വരുന്നു: 'ഒരാൾ വന്നു നമസ്കരിക്കുകയും നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി സലാം പറയുകയും ചെയ്തു. നബി(സ) തിരുമേനി പറഞ്ഞു: പോയി വീണ്ടും നമസ്കരിക്കുക. നബി(സ)തിരുമേനി അയാളെ നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. ആ മസ്ജിദിലെതന്നെ സദസ്സിൽ അവിടന്ന് ഇരിക്കുകയുമായിരുന്നു. ഇങ്ങനെ മൂന്നു തവണ അയാളെക്കൊണ്ട് നമസ്കരിപ്പിച്ചു. അവസാനം അയാൾ പറഞ്ഞു: 'യാ റസൂലല്ലാഹ് എനിക്ക് ഇതിനെക്കാളും ഉത്തമമായി നമസ്കരിക്കാൻ അറിയില്ല. അതുകൊണ്ടു അങ്ങുതന്നെ നമസ്കരിക്കേണ്ട രീതി എനിക്ക് പറഞ്ഞു തന്നാലും. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു; നീ നമസ്കരിക്കാൻ നിൽക്കുമ്പോൾ തക്ബീർ ചൊല്ലുക. പിന്നെ കഴിവനുസരിച്ച് ഖുർആൻ പറയണം ചെയ്യുക. സൂറ ഫാത്തിഹയോടൊപ്പം ഖുർആൻ പാരായണം ചെയ്യണം. പിന്നെ പൂർണ സമാധാനത്തോടുകൂടി റുക്കൂഅ് ചെയുക. അല്ലാതെ കുറച്ചു കുനിഞ്ഞിട്ട് എഴുന്നേൽക്കുക എന്നതല്ല. തികഞ്ഞ സമാധാനത്തോടുകൂടി റുക്കൂഅ് ചെയ്യുക. പിന്നെ നേരെ നിൽക്കുക. തുടർന്നു തികഞ്ഞ സമാധാനത്തോടുകൂടി സുജൂദ് ചെയ്യുക. പിന്നെ സുജൂദിൽ നിന്നെഴുന്നേറ്റ് നല്ലതുപോലെ ഇരിക്കുക. ചിലയാളുകൾ സുജൂദിനുവേണ്ടി മാത്രം ഇരിക്കുന്നു. രണ്ടു സുജൂദുകൾക്കിടയിൽ ഇരിക്കുന്നു. പിന്നെ വേഗംതന്നെ രണ്ടാമത്തെ സുജൂദ് ചെയ്യുന്നു. അദ്ദേഹം പറയുന്നു; നല്ല പോലെ ഇരിക്കുക. അതിനുശേഷം രണ്ടാമത്തെ സുജൂദു ചെയ്യുക. ഇങ്ങനെ മുഴുവൻ നമസ്കാരവും സാവധാനത്തിൽ നല്ലതുപോലെ അനുഷ്ഠിക്കുക. *(സ്വഹീഹുൽ ബുഖാരി, കിതാബുൽ അദാൻ, ബാബു അമറുന്നബിയ്യി(സ)......ഹദീഥ് 793)*

ചിലയാളുകൾ ചോദിക്കാറുണ്ട്, നമസ്കാരങ്ങൾ എങ്ങനെയാണ് ഭംഗിയായി നമസ്കരിക്കേണ്ടതെന്ന്. ഇതാണ് ഭംഗിയായ നമസ്കാരം അനുഷ്ഠിക്കേണ്ടണ്ട രീതി. അതായത് സാവധാനത്തിൽ നല്ല പോലെ സമയം കൊടുത്ത് നമസ്കാരത്തിന്റെ ഓരോ ചലനവും സമയമെടുത്ത് നിറുത്തി നിറുത്തി അനുഷ്ഠിക്കുക.

നമസ്കാരത്തിന്റെ യാഥാർഥ്യം മനസ്സിലാക്കിക്കൊണ്ട് അത് അനുഷ്ഠിക്കുന്നതിലേക്ക് ശ്രദ്ധ തിരിച്ചതിനുശേഷം ഒരു വിശ്വാസിയുടെ കർത്തവ്യം ഖുർആൻ പഠിക്കുക എന്നതാണ്. മനസ്സിലായ കാര്യങ്ങളിൽ ശ്രദ്ധയൂന്നുക. പൊതുവിൽ റമളാനിൽ ഇക്കാര്യത്തിൽ ശ്രദ്ധ ഉണ്ടാകാറുണ്ട്. തഫ്സീറിലേക്കും ശ്രദ്ധിക്കുക. ഒരു റമളാനെ അടുത്ത റമളാനുമായി ബന്ധിപ്പിക്കുന്നതിന് ഇതും ഒരു മാർഗ്ഗമാകുന്നു. വിശുദ്ധ ഖുർആനിലേക്ക് ശ്രദ്ധ ഊന്നേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)വിശുദ്ധ ഖുർആൻ പഠിക്കുന്നതിനെ സംബന്ധിച്ച് പറയുന്നു: നമ്മുടെ പക്കൽ ഖുർആനില്ലാതിരിക്കുകയും ഹദീഥുകളുടെ ശേഖരം മാത്രം വിശ്വാസാദർശത്തിന്റെ അളവുകോൽ ആവുകയുമാണെങ്കിൽ നമുക്ക് ലജ്ജകൊണ്ട് മറ്റു സമൂഹങ്ങളുടെ മുഖത്തുപോലും നോക്കാൻ കഴിയുമായിരുന്നില്ല. ഞാൻ 'ഖുർആൻ' എന്ന പദത്തിൽ പരിചിന്തനം നടത്തി. അപ്പോൾ എനിക്ക് വെളിപ്പെട്ടത് ഈ പരിശുദ്ധപദത്തിൽ ഒരു മഹത്തായ പ്രവചനം ഉണ്ടെന്നാണ്. അതിപ്രകാരമാകുന്നു. ഈ ഖുർആൻ മാത്രമാണ് വായിക്കാൻ അർഹമായ ഗ്രന്ഥം. ഇനിയൊരു കാലത്ത് അത് കൂടുതൽ വായിക്കാൻ അർഹമായ ഗ്രന്ഥമാകും. വായനയുടെ കാര്യത്തിൽ മറ്റു ഗ്രന്ഥങ്ങളും അതോടൊപ്പം ചേർക്കപ്പെടുന്നതാണ്. ആ സമയത്ത് ഇസ്ലാമിന്റെ അന്തസ്സ് രക്ഷിക്കുന്നതിനും വ്യാജങ്ങൾ ഇല്ലാതാക്കുന്നതിനും ഈ ഗ്രന്ഥത്തിന്റെതന്നെ പഠനം ആവശ്യമായിവരും. മറ്റു ഗ്രന്ഥങ്ങളെല്ലാം ഖണ്ഡിതമായും ഉപേക്ഷിക്കപ്പെടാൻ അർഹമായിരിക്കും. 'ഫുർഖാൻ' എന്നതിന്റെ അർഥവും ഇതു തന്നെയാണ്. അതായത് ഒരു ഗ്രന്ഥം മാത്രമേ സത്യാസത്യവിവേചനത്തിന് ഉണ്ടാകുകയുള്ളു. ഏതെങ്കിലും ഹദീഥുകളോ ഗ്രന്ഥങ്ങളോ ഇതിന്റെ സ്ഥാനത്തും ഉന്നതിയിലും ഉണ്ടായിരിക്കുന്നതല്ല. അതുകൊണ്ട് എല്ലാ ഗ്രന്ഥങ്ങളും ഒഴിവാക്കുകയും രാപ്പകൽ **കിതാബുല്ലാഹ്** മാത്രം വായിക്കുകയും ചെയ്യുവിൻ. വിശുദ്ധ ഖുർആനിലേക്ക് ശ്രദ്ധിക്കാതിരിക്കുകയും മറ്റു ഗ്രന്ഥങ്ങളിലേക്ക് മാത്രം രാപ്പകൽ കുനിഞ്ഞിരിക്കുകയും ചെയ്യുന്നവൻ തീരെ വിശ്വാസമില്ലാത്തവനാകുന്നു.

നമ്മുടെ ജമാഅത്ത് വിശുദ്ധ ഖുർആനിന്റെ പ്രവർത്തനങ്ങളിലും ചിന്തകളിലും സർവ്വാത്മനാ മുഴുകിയിരിക്കേണ്ടതാണ്. ഹദീഥുകളുടെ ജോലികൾ ഒഴിവാക്കുക. ഹദീഥുകളിൽ കാണിക്കുന്നതുപോലുള്ള താൽപര്യവും പഠനവും വിശുദ്ധ ഖുർആനിന്റെ കാര്യത്തിൽ ഇല്ലെന്നത് വളരെ സങ്കടകരമായ അവസ്ഥയാണ്.

ഈ സമയത്ത് വിശുദ്ധ ഖുർആനാകുന്ന ആയുധം കൈയിലേന്തിയാൽ നിങ്ങൾക്കായിരിക്കും വിജയം. ഈ ദിവ്യജ്യോതിസ്സിനുമുന്നിൽ ഒരു അന്ധകാരത്തിനും നിൽക്കാൻ സാധ്യമല്ല.' *(മൽഫൂദാത്ത് വാള്യം 2, പേജ് 122, 1984 പതിപ്പ്)*

തുടർന്ന് നന്മകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് മഹ്ദിമസീഹ് ഹദ്റത്ത് അഹ്മദ്(അ) ഇങ്ങനെ മാർഗദർശനം നൽകുന്നു: 'ദീനിനെ ഏതു അവസ്ഥയിലും ദുൻയാവിനെക്കാൾ മുന്തിക്കുവിൻ.' അതിന്റെ വിശദീകരണത്തിൽ അദ്ദേഹം പറയുന്നു, 'നോക്കുക രണ്ടു തരത്തിലുള്ള ജനങ്ങളുണ്ട്. ഒരു കൂട്ടർ ഇസ്ലാം സ്വീകരി

ശേഷം പേജ് 7 ൽ

• അമീറുൽമുഅ്മിനീന്റെ ഉപദേശം •

**'പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.'**

*(ജുമുഅ ഖുത്ബ 4-10-2019)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

• അമീറുൽമുഅ്മിനീന്റെ ഉപദേശം •

**'തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവമാർഗത്തിൽ ജീവിതം അർപ്പിച്ചിട്ടുള്ളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.'**

*(ബ്രിട്ടൺ, കനഡ, ജർമനി ജാമിആകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)*

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

(ബദ്ർ വാള്യം 7 ലക്കം 21 പേജ് 12, കോളം 2-ൽനിന്ന്)

മുസ്‌ലിം എം.പി ഒമിഡ് നൗർപോർ(Omid Nour pour) ഹുദൂറിനോടു ചോദിച്ചു: നിങ്ങൾക്ക് മലേഷ്യയിലും പ്രശ്നങ്ങൾ നേരിടേണ്ടി വരുന്നുവെന്ന് കേട്ടപ്പോൾ വളരെ സങ്കടമുണ്ട്. കാരണം, മുസ്‌ലിം രാഷ്ട്രങ്ങളിൽ ഏറ്റവും കൂടുതൽ സഹജബോധവും സഹിഷ്ണുതയും പുലർത്തുന്ന രാജ്യമാണെന്ന അവകാശവാദം മലേഷ്യക്കുണ്ട്!

ഹുദൂർ: പൊതുവേ മൗലവിമാരിൽ ക്ഷമിക്കാനുള്ള കഴിവ് ശൂന്യമാണ്. എല്ലാ വിഭാഗങ്ങളും പരസ്പരം ആക്ഷേപങ്ങളാണ് പറയുന്നത്. ഇതര വിഭാഗങ്ങളെ അമുസ്‌ലിം എന്ന് പ്രഖ്യാപിച്ചിട്ടില്ലെന്നതിൽ സംശയമില്ലെങ്കിലും പരസ്പരം ശത്രുത വെച്ചു പുലർത്തുന്നു എന്നത് തീർച്ചയാണ്. എന്നാൽ, നമുക്കെതിരില് 1974-ൽ നിയമം പാസ്സാക്കിയിരുന്നു.

### You are not muslim for the purpose of law and constitution

ഈ നിയമം ഏർപ്പെടുത്തിയപ്പോൾ സംയുക്ത ഇലക്ഷൻതന്നെയാണ് നടന്നിരുന്നത്. ശേഷമാണ് ഇത് അവസാനിപ്പിക്കപ്പെട്ടത്. പിന്നീട് സിയാഉൽ ഹഖ് 1984-ൽ പാസ്സാക്കിയ നിയമത്തിൽ നമ്മുടെമേൽ കഠിനമായ നിയന്ത്രണങ്ങൾ അടിച്ചേല്പിക്കപ്പെട്ടു. മസ്ജിദിനെ 'മസ്ജിദ്' എന്ന് പറയാൻ പാടില്ല, കുട്ടികൾക്ക് അഹ്മദ്, മുഹമ്മദ് തുടങ്ങി ഇസ്‌ലാമിക പേരുകളിടാൻ പാടില്ല, അസ്സലാമു അലയ്ക്കും പറയാൻ പാടില്ല. ഇങ്ങനെ ഞങ്ങൾക്കെതിരിൽ അതികഠിനമായ നിയമങ്ങൾ ഏർപ്പെടുത്തി.

- സംസാര മധ്യേ സിറിയൻ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ജർമൻ ഭരണകൂടം രാഷ്ട്രീയമായി പരിഹരിക്കാൻ വളരെ ശ്രമിച്ചു വരികയാണെന്ന് സ്മരിക്കുകയുണ്ടായി. അപ്പോൾ ഹുദൂർ അവിടെ ഉണ്ടായിരുന്ന രാഷ്ട്രീയ പ്രവർത്തകരോട് പറഞ്ഞു:ഈ സമയത്ത് കുർദിഷ് ജനതക്ക് യഥാർഥത്തിൽ ആഗോള സഹോദര സമൂഹത്തിൽനിന്നു സഹായത്തിന്റെ ആവശ്യമുണ്ട്.

- ബംഗ്ലാദേശിലെ ജമാഅത്തിന്റെ അവസ്ഥയെ കുറിച്ചും ചോദ്യമുണ്ടായി.

ഹുദൂർ:ബംഗ്ലാദേശ് ഭരണകൂടം നീതി നടപ്പിലാക്കാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ കീഴ് വിഭാഗങ്ങളിലുള്ള ചില പ്രദേശങ്ങളിൽ പ്രാദേശിക ഭരണാധികാരികളിൽനിന്നു മുല്ലാക്കമാർ കാരണത്താൽ പ്രശ്നങ്ങളുണ്ടാകുന്നുണ്ട്. ഭരണകൂടം നമുക്കെതിരല്ല. എന്നാൽ, അവിടുത്തെ മുല്ലാക്കമാർ നമുക്കെതിരാണ്. ദേശീയ തലത്തിൽ ജനങ്ങൾ ബുദ്ധിമതികളാണ്. പാക്കിസ്താനിൽ അഹ്മദികളോട് അനുവർത്തിച്ച രീതി ആവർത്തിച്ചാൽ ബുദ്ധിമുട്ടിലാകുമെന്ന് അവർക്കറിയാം. കാരണം, ഇതു മുഖേന തീവ്രവാദ വിഭാഗങ്ങൾക്ക് കൂടുതൽ വളരാനുള്ള അവസരം ലഭിക്കുന്നു.

ഈ കൂടിക്കാഴ്ച 07.00 മണിവരെ നീണ്ടു. ശേഷം ഈ മൂന്ന് അംഗങ്ങൾക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അവസരം ലഭിച്ചു.

7.10-ന് ഹുദൂർ ഹാളിലേക്കു വന്നതും പരിപാടിക്ക് തുടക്കമായി. അതിഥികൾ ഹുദൂർ എത്തുന്നതിനു മുമ്പേതന്നെ അവരവരുടെ ഇരിപ്പിടങ്ങളിൽ ഉപവിഷ്ഠരായിരുന്നു.

ജർമനിയിലെ ജനറൽ അസംബ്ലിയിൽനിന്നു 27 അംഗങ്ങൾ പങ്കെടുത്തു. ഇതിൽ 14 പേർ റാപ്പിനീ പാർട്ടിയുടെ പ്രതിനിധികളാണ്. വിദേശകാര്യ വിഭാഗത്തിൽനിന്നു 3 പ്രതിനിധികൾ പങ്കെടുത്തു. മത, രാഷ്ട്രീയ വകുപ്പിന്റെ ഡയറക്ടറും ഇതിൽ ഉൾപ്പെടുന്നു. ആഭ്യന്തരം, ഡെവലപ്മെന്റ് മന്ത്രാലയത്തിൽ നിന്നുമുള്ള പ്രതിനിധികളും പങ്കെടുത്തു. യൂ.എസ്, ഫ്രഞ്ച് എംബസികളിൽനിന്നു രാഷ്ട്രീയകാര്യ ഓഫീസർമാരും ഇതിൽ പങ്കെടുത്തു. നാഷണൽ അസംബ്ലി അംഗങ്ങളുടെ 11 പ്രതിനിധികളും പ്രസ് ആന്റ് മീഡിയ പ്രതിനിധികളിൽനിന്നു 11 പേരും ഇതിൽ പങ്കെടുത്തു. ബെർലിൻ യൂണിവേഴ്സിറ്റി വൈസ് പ്രസിഡന്റും മധ്യ കിഴക്കൻ പ്രദേശത്ത് അംഗീകരിക്കപ്പെടുന്ന ജർമനിയിലെ പ്രൊഫസർ ശ്നാഇൻബാഖും ഉൾപ്പെടെ 5 പ്രൊഫസർമാരും പല രാഷ്ട്രീയ നേതാക്കളും മത നേതാക്കളും വെൽഫെയർ അസോസിയേഷനുമായും സിവിൽ സൊസൈറ്റിയുമായും ബന്ധമുള്ളവരും പങ്കെടുത്തു. മൊത്തം 82 അതിഥികളാണ് പങ്കെടുത്തത്.

വേദിയിൽ ഹുദൂറിനോടൊപ്പം മിനിസ്റ്റർ ഓഫ് സ്റ്റേറ്റ് ആന്റ് ഡെപ്യൂട്ടി ഫോറിൻ മിനിസ്റ്റർ മിസ്റ്റർ നീൽസ് അന്നെൻ(Niels Annen), ഹ്യൂമൻ റൈറ്റ്സ് വക്താവും എം.പി യുമായ മിസ്റ്റ് ഫ്രാങ്ക് ഹെയിന്റിച്ച് (Mr.Frank Heinrich) ഫോറിൻ അഫയേഴ്സ് വക്താവും എം.പിയുമായ ഒമിഡ് നൗർപോർ (Omid Nourpour) ഉപവിഷ്ഠരായി.

ജർമനി മുബല്ലിഗ് ജരിയുല്ലാഹ് സാഹിബിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെ പരിപാടി ആരംഭിച്ചു. തുടർന്ന് ജർമൻ തർജമയും അവതരിപ്പിച്ചു. അഹ്മദിയ്യാ ജമാഅത്ത് ജർമനി വിദേശകാര്യ വകുപ്പ് നാഷണൽ സെക്രട്ടറി ദാവൂദ് അഹ്മദ് മജൂക്ക സാഹിബ് ആമുഖ ഭാഷണം നടത്തുകയും പരിചയപ്പെടുത്തുകയും ചെയ്തു.

അതുകഴിഞ്ഞ് അമീർ സാഹിബ് ജർമനി അബ്ദുല്ലാഹ് വാഗസ് ഹൗസര് സാഹിബ് സ്വാഗത ഭാഷണം നടത്തി. അതിഥികളെ സ്വാഗതം ചെയ്ത അദ്ദേഹം അഹ്മദിയ്യാ ജമാഅത്തിനെ പരിചയപ്പെടുത്തി. 200-ൽ അധികം രാജ്യങ്ങളിൽ വ്യാപിച്ചു കിടക്കുന്ന മില്യൺകണക്കിന് അംഗങ്ങളുള്ള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഒരു ആത്മീയ സമൂഹമാണ്. എല്ലാ സമയത്തും അത്യുന്നതനായ ദൈവത്തിന്റെ കാരുണ്യത്തിന്റെ കണ്ണാടയായിക്കൊണ്ട് മനുഷ്യകുലത്തിന്റെ ദുഖവും പ്രയാസങ്ങളും കുറക്കുന്നതിൽ ജമാഅത്ത് വ്യാപൃതരായിരിക്കുന്നു. മതംമുഖേന മാത്രമേ മനുഷ്യരിൽ ഐക്യമുണ്ടാക്കാൻ സാധിക്കുകയുള്ളൂ എന്നത് നമുക്കുറപ്പായ കാര്യമാണ്. കാരണം, എല്ലാ നബിമാരിലും പരിശുദ്ധ ഗ്രന്ഥങ്ങളിലും വിശ്വസിക്കുക എന്നത് ഓരോ മുസ്‌ലിമിനും നിർബന്ധമാണ്.

ചരിത്രപരമായി നോക്കുകയാണെങ്കിൽ ബെർലിനിൽ ഒരു മസ്ജിദിന് തറക്കല്ലിട്ടുകൊണ്ടാണ് അഹ്മദിയ്യാ ജമാഅത്ത് 1923-ൽ ജർമനിയിൽ സ്ഥാപിതമായത്. എന്നാലിതിന്റെ നിർമാണപരമായ പ്രവൃത്തി പണപ്പെരുപ്പം(inflation)കാരണത്താലും ആ കാലഘട്ടത്തിലുള്ള സാമ്പത്തികാവസ്ഥകൾകൊണ്ടും പൂർത്തിയാക്കാൻ സാധിച്ചില്ല. അതിനാൽ ആദ്യമസ്ജിദ് പിന്നീട് 1957-ൽ യുദ്ധത്തിനു ശേഷം ഹംബർഗിലാണ് പണികഴിപ്പിച്ചത്. കൃത്യമായും 60 വർഷം മുമ്പേ 1959-ൽ മറ്റൊരു മസ്ജിദ് ഫ്രാങ്ക്ഫർട്ടിലും നിർമിക്കപ്പെട്ടു. യുദ്ധത്തിനു ശേഷം ജർമനിയിൽ നിർമിതമായ 2 മസ്ജിദുകളാണിത്. ഇന്ന് ജർമനിയിലെ അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ 50000 ന് അടുത്താണ്. ഇവർ 255 ജമാഅത്തുകളിൽ വ്യാപിച്ചു കിടക്കുന്നു. പ്രാദേശിക തലത്തിൽ വിവിധ സമൂഹങ്ങളിൽ ജമാഅത്ത് സേവനങ്ങൾ നിർവഹിച്ചു വരുന്നു. വിവിധ മതങ്ങൾക്കിടയിൽ ആരോഗ്യകരമായ ചർച്ചകളിൽ (interreligious dialogues)പങ്കെടുക്കുന്നു. പുതു വർഷാരംഭത്തിൽ ശ്രമദാനങ്ങൾ, രക്തദാനം നല്കുന്ന പരിപാടികൾ, വൃക്ഷം നടൽ, ചാരിറ്റി വർക്കുകൾ, (tree planting and charity walks) തുടങ്ങിയവ പോലുള്ള പരിപാടികൾ സംഘടിപ്പിക്കുന്നു. കൂടാതെ 2008-ൽ ജാമിഅ അഹ്മദിയ്യാ ജർമനി സ്ഥാപിതമായി. മിഷണറിമാരെ തയ്യാറാക്കുന്ന ജർമനിയിലെ ആദ്യ സ്ഥാപനമാണിത്. 7 വർഷത്തെ ഈ കോഴ്സ് 60 യുവാക്കൾ ഇതുവരെ പൂർത്തിയാക്കി. കൂടാതെ ഒരു വർഷം മുമ്പേ ഒരു വെൽഫെയർ ഓർഗനൈസേഷൻ (welfare organization) സ്ഥാപിതമായി. അഭയാർഥികൾ, വീടില്ലാത്തവർ, കിന്റർഗാർട്ടൻ തുടങ്ങിയവർക്ക് സഹായം എത്തിക്കലാണ് ഇതിന്റെ ലക്ഷ്യം.

സമൂഹത്തിലെ എല്ലാ നിയമങ്ങളും പിന്തുടരേണ്ടത് അനിവാര്യമാണെന്ന് അഹ്മദിയ്യാ ജമാഅത്ത് മനസ്സിലാക്കുന്നു. ജർമനി, ജമാഅത്തംഗങ്ങളുടെ നാടായി കഴിഞ്ഞിട്ടുണ്ട്. കാരണം അവരുടെ പല തലമുറകൾ ഇവിടെ ജർമനിയിൽ താമസിക്കുന്നു.

തുടർന്ന് സി.ഡി.യു പാർട്ടി അംഗവും നാഷണൽ അസംബ്ലി മെമ്പറുമായ മിസ്റ്റർ ഫ്രാങ്ക് ഹെയിൻറിച്ച്(Mr.Frank Heinrich) വേദിയെ അഭിസംബോധന ചെയ്തു. ഹുദൂറിനേയും സദസ്യരേയും സ്വാഗതം ചെയ്ത അദ്ദേഹം എല്ലാവർക്കും സലാം ആശംസിക്കുകയും നാഷണൽ അസംബ്ലിയിലെ അംഗങ്ങളെ ഇതിലേക്ക് ക്ഷണിച്ചതിൽ നന്ദി രേഖപ്പെടുത്തുകയും ചെയ്തു. അദ്ദേഹം തുടർന്ന് പറഞ്ഞു:

ഞാൻ അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് ചിന്തിക്കുമ്പോൾ തികച്ചും 2 വ്യത്യസ്ത വികാരങ്ങളാണ് എന്നിലുണ്ടാകുന്നത്. ഒരു ഭാഗത്ത് നന്ദിയുടേയും സന്തോഷത്തിന്റേയും നിറഞ്ഞ വികാരം ഉണ്ടാകുമ്പോൾ മറുഭാഗത്ത് കഷ്ടപ്പാടിന്റേയും പ്രയാസത്തിന്റേയും വികാരങ്ങളും നിറയുന്നു. ഇക്കാര്യത്തിന്റെ വിശദാംശം ഇപ്പോൾ നല്കേണ്ടതും അനിവാര്യമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. നിങ്ങളു

ശേഷം പേജ് 11 ൽ

പേജ് 5 ൽ നിന്ന്

ച്ചതിനുശേഷം ഭൗതികമായ കച്ചവടങ്ങളിലും വ്യവഹാരങ്ങളിലും മുഴുകിയിരിക്കുന്നു. ശയ്ത്വാൻ അവരുടെ തലയിലൂടെ സഞ്ചരിക്കുന്നു. ഞാനുദ്ദേശിച്ചത് കച്ചവടമുപേക്ഷിക്കണമെന്നല്ല. അങ്ങനെയല്ല, സ്വഹാബാക്കൾ കച്ചവടവും ചെയ്തിരുന്നു. പക്ഷേ, അവർ ദീനിനെ ദുൻയാവിനേക്കാൾ മുന്തിച്ചിരുന്നു. അവർ ഇസ്‌ലാം സ്വീകരിച്ചപ്പോൾ അവരുടെ ഹൃദയങ്ങളെ ആനന്ദതുന്ദിലമാക്കുന്ന ഇസ്‌ലാമിനെ സംബന്ധിച്ചുള്ള സത്യസന്ധമായ ജ്ഞാനങ്ങൾ അവർ കരസ്ഥമാക്കി. ഈ കാരണം കൊണ്ടുതന്നെ ഒരു രംഗത്തും ശയ്ത്വാനിന്റെ ആക്രമണംകൊണ്ട് അവർ ചഞ്ചലരായില്ല. ഒരു കാര്യത്തിനും അവരെ സത്യം വെളിപ്പെടുത്തുന്നതിൽനിന്നു തടയാനും കഴിഞ്ഞില്ല. എന്റെ ഉദ്ദേശ്യം ഇതുകൊണ്ട് അത്രമാത്രമേയുള്ളു, ചിലർ പൂർണമായും ഭൗതിക ലോകത്തിന്റെ ദാസന്മാരും അടിമകളുമായിത്തീരുന്നു. അതായത് അവർ ഭൗതികതയുടെ പൂജാരിമാരായി മാറുന്നു. അത്തരമാളുകൾക്കുമേൽ ശയ്ത്വാൻ തന്റെ ആധിപത്യവും നിയന്ത്രണവും ചെലുത്തുന്നു.

രണ്ടാമത്തെ വിഭാഗമാളുകൾ ദീനി പുരോഗതിയെ സംബന്ധിച്ച് ചിന്തിക്കുന്നവരാണ്. അവർ അത്തരം ചിന്തയിലാണുണ്ടാകുക! ഈ കൂട്ടരാണ് **'ഹിസ്ബുല്ലാഹ്'** അഥവാ അല്ലാഹുവുവിന്റെ കക്ഷിക്കാർ എന്ന് പറയപ്പെടുന്നത്. അവർ ശയ്ത്വാനിന്റേയും അവന്റെ സൈന്യങ്ങളുടേയുംമേൽ വിജയം പ്രാപിക്കുന്നു. സമ്പത്ത് കച്ചവടമാകുന്നു. അതു കച്ചവടംകൊണ്ടുതന്നെയാണ് വർധിക്കുന്നതും. അതുകൊണ്ട് അല്ലാഹു ദീനിന്റെ അന്വേഷണത്തേയും ദീനീ പുരോഗതിക്കുള്ള ആഗ്രഹത്തേയും കച്ചവടമാണെന്നു പറയുന്നു. ദീൻ കരസ്ഥമാക്കുന്നതും ഒരു കച്ചവടമാണെന്ന് അല്ലാഹു പറയുന്നു: ***ഹൽ അദുല്ലുക്കും അലാ തിജാറത്തിൻ തുൻജീക്കും മ്മിൻ അദാബിൻ അലീം.***(61:11) വേദനാജനകമായ ശിക്ഷയിൽനിന്ന് നിങ്ങളെ രക്ഷിക്കുന്ന ഒരു കച്ചവടത്തെ കുറിച്ച് ഞാൻ നിങ്ങൾക്ക് അറിവു നൽകട്ടയോ? അദ്ദേഹം പറയുന്നു: വേദനാജനകമായ ശിക്ഷയിൽനിന്ന് മോക്ഷം നൽകുന്ന ഏറ്റവും ഉത്തമമായ കച്ചവടം ദീനാകുന്നു. അതിനാൽ ഞാനും അല്ലാഹുവിന്റെ ഇതേ വാക്കുകളിൽത്തന്നെ നിങ്ങളോട് പറയുകയാണ്. ***ഹൽ അദുല്ലുക്കും അലാ തിജാറത്തിൻ തുൻജീക്കും മ്മിൻ അദാബിൻ അലീം.*** അദ്ദേഹം പറയുന്നു: ദീനീ പുരോഗതിയെയും താൽപര്യത്തെയും കുറവാക്കുന്നവർ പിന്നിടു ശയ്ത്വാനിന്റെ നിയന്ത്രണത്തിൽ വന്നു പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു. ഒരിക്കലും അലസരാകാൻ പാടില്ല. അതുകൊണ്ട് ഒരിക്കലും അലസത കാണിക്കരുത്. അദ്ദേഹം പറയുന്നു: അറിയാത്ത ഓരോ കാര്യവും ചോദിക്കേണ്ടതാണ്. അങ്ങനെ ദിവ്യജ്ഞാനം വർധിക്കുന്നതാണ്. ചോദിക്കുന്നത് നിഷിദ്ധമല്ല. മനസ്സിലാകാത്തത് ചോദിക്കുക. ചോദ്യങ്ങൾ തീർച്ചയായും ഉയരേണ്ടതാണ്. അദ്ദേഹം പറയുന്നു: കർമപരമായ പുരോഗതിക്കുവേണ്ടിയും ചോദിക്കേണ്ടതാണ്. *(മൽഫൂദാത്ത് വാല്യം 2, പേജ് 193-194, 1984 പതിപ്പ്)*

കർമപരമായ പുരോഗതിക്ക് അതു അനിവാര്യമാണ്. അതിനാൽ ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുന്നതിന് വേണ്ടി ഈമാൻ ശക്തമാകേണ്ടത് നിർബന്ധമാകുന്നു. അതോടൊപ്പം, കർമപരമായ പുരോഗതിയും നിർബന്ധമാണ്. അതിന് വേണ്ടി പരിശ്രമിക്കുകയും വേണം.

റമളാനിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതിനുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്[അ] നമുക്ക് പറഞ്ഞു തന്ന മാർഗങ്ങളിലൊന്നായ പരസ്പരമുള്ള ബന്ധങ്ങളിൽ ഉന്നത ധാർമികത കാണിക്കാൻ നമ്മൾ ശ്രമിക്കുകയുണ്ടായി. അത് തുടർന്നുകൊണ്ടേ പോകുക. പരസ്പരമുള്ള സ്നേഹവും സാഹോദര്യവും വർധിപ്പിക്കുക. പരസ്പരമുള്ള അവകാശങ്ങൾ കൊടുത്തു വീട്ടുക. അദ്ദേഹം പറയുന്നു: 'പരസ്പരം സഹാനുഭൂതി ഉണ്ടാകാത്തിടത്തോളം നമ്മുടെ ജമാഅത്ത് പച്ചളിപ്പുള്ളതാകുകയില്ല.'

കഴിവു നൽകപ്പെട്ടവൻ ദുർബലരെ സ്നേഹിക്കുക. എനിക്ക് കേൾക്കാൻ കഴിയുന്നത് ആരിൽ നിന്നെങ്കിലും തെറ്റു സംഭവിച്ചാൽ അയാളോട് ധാർമികമായി നല്ല രീതിയിൽ പെരുമാറുന്നില്ലെന്നാണ്. മറിച്ച് വെറുപ്പും അറപ്പും കാണിക്കുന്നു. അവർക്കുവേണ്ടി ദുആ ചെയ്യുക. അവരെ സ്നേഹിക്കുക. അവർക്ക് സൗമ്യമായും സൽസ്വഭാവത്തോടെയും മനസ്സിലാക്കികൊടുക്കുക. പക്ഷേ, ഇതിനുപകരം വെറുപ്പിലാണ് വർധിക്കുന്നത്. അവരെ ഓർക്കുകയും അവരോടു സഹാനുഭൂതി കാണിക്കുകയും ചെയ്യുന്നില്ലെങ്കിൽ ഇങ്ങനെ വഴുതി വഴുതി അന്ത്യം മോശമായി ത്തീരുന്നതാണ്. അല്ലാഹുവിന് ഇതു സമ്മതമല്ല. ജമാഅത്താകണമെങ്കിൽ ചിലർ ചിലരോട് സഹാനുഭൂതി കാണിച്ചുകൊണ്ട് മറയിടേണ്ടതാണ്. ഈ അവസ്ഥ ഉണ്ടാകുമ്പോൾ ഒരൊറ്റ വ്യക്തിത്വമായി മാറുകയും പരസ്പരം അവയവങ്ങളായിത്തീരുകയും തങ്ങളുടെ യഥാർഥ സഹോദരനെക്കാളധികം അയാളെ കരുതുകയും ചെയ്യുന്നതാണ്.

പരസ്പരമുള്ള സ്നേഹം യഥാർഥ സഹോദരനെക്കാൾ അധികമായിരിക്കേണ്ടതാണ്. പരസ്പരം മകനാണെന്ന രീതിയിൽ സഹാനുഭൂതി കാണിക്കുക. ഹദ്റത്ത് മഹ്ദി മസീഹ്[അ] പറയുന്നു: 'ഉദാഹരണമായി ഒരാൾക്ക് ഒരു മകനുണ്ടെന്നു കരുതുക. അവനിൽനിന്ന് എന്തെങ്കിലും വീഴ്ചകളുണ്ടായാൽ അതു മറച്ചു വെക്കാൻ ശ്രമിക്കുന്നു. അവനെ മാറ്റി നിറുത്തി ഉപദേശിക്കുന്നു. യഥാർഥ സഹോദരനാണെങ്കിൽ തന്റെ സഹോദരന്റെ കുറവുകൾ മറച്ചു വെക്കുന്നു. ഇന്ന അക്രമം ചെയ്തെന്നും തിൻമ ചെയ്തെന്നും പാപം ചെയ്തെന്നും വിളംബരപ്പെടുത്താൻ ഒരിക്കലും ആഗ്രഹിക്കുന്നില്ല. അല്ലാഹു സഹോദരന്മാരാക്കിയിരിക്കെ സഹോദരന്മാരോടുള്ള കടമകൾ ഇതുതന്നെയല്ലേ. സ്വന്തം സഹോദരൻ, സാഹോദര്യത്തിന്റെ മാതൃകകൾ ഒഴിവാക്കുന്നില്ലെന്നിരിക്കെ പിന്നെ നിങ്ങളെന്തിനാണ് അത് കൈയൊഴിക്കുന്നത്. അദ്ദേഹം പറയുന്നു: മനുഷ്യൻ ചില നേരങ്ങളിൽ മൃഗങ്ങളിൽനിന്ന് കുരങ്ങൻ, നായ തുടങ്ങിയവയിൽ നിന്നെല്ലാം പഠിക്കാറുണ്ട്. ആഭ്യന്തരമായ ഭിന്നിപ്പ് അനുഗൃഹീത മാർഗമല്ല. അല്ലാഹു സ്വഹാബാക്കളേയും അനുഗ്രത്തിന്റേയും സാഹോദര്യത്തിന്റേയും ഈ മാർഗമാണ് ഓർമിപ്പിച്ചത്. നബി[സ] തിരുമേനി മുഖേന ലഭ്യമായ സാഹോദര്യം സ്വർണത്തിന്റെ മലകൾ ചെലവഴിച്ചാലും അവർക്ക് കിട്ടുമായിരുന്നില്ല. അതേ പോലെയാണ് അല്ലാഹു ഈ ജമാഅത്ത് ആരംഭിച്ചിട്ടുള്ളത്. അതെ വിധത്തിലുള്ള സാഹോദര്യം ഇവിടെയും സ്ഥാപിക്കുന്നതാണ്. അല്ലാഹുവിനോടു ഞാൻ വലിയ പ്രതീക്ഷയിലാണുള്ളത്. അവൻ വാഗ്ദാനം ചെയ്യുന്നു: ***വ ജായിലുല്ലദീനത്തബഊക്ക ഫൗഖല്ലദീന കഫറൂ ഇലാ യൗമിൽ ഖിയാമത്തി***(3:56) അവൻ തീർച്ചയായും ഒരു ജമാഅത്ത സ്ഥാപിക്കുന്നതാണെന്ന് ഞാൻ ദൃഢമായും അറിയുന്നു. അവർ പുനരുഥാനനാൾവരേയും സത്യനിഷേധികളുടെമേൽ വിജയിക്കുന്നതായിരിക്കും. പക്ഷേ, ഈ ദിവസങ്ങൾ പരീക്ഷണങ്ങളുടെയും ദൗർബല്യത്തിന്റെയും ദിവസങ്ങളകുന്നു. ഓരോ വ്യക്തിക്കും പരിവർത്തനം ചെയ്യാനും തങ്ങളുടെ അവസ്ഥകളിൽ മാറ്റം വരുത്താനും അവസരം നൽകുന്നു. നോക്കുക പരസ്പരം പരാതിപെടുന്നതും മനസ്സ് വേദനിപ്പിക്കുന്നതും കഠിന പദങ്ങൾ കൊണ്ട് മറ്റുള്ളവരുടെ ഹൃദയത്തെ വ്രണപ്പെടുത്തുന്നതും ദുർബലരെയും വിനയമുള്ളവരെയും നിന്ദ്യരായി കാണുന്നതും കഠിനമായ പാപമാകുന്നു. *(മൽഫൂദാത്ത് വാല്യം 2, പേജ് 348-349, 1984 പതിപ്പ്)*

പറഞ്ഞു: നമ്മുടെ ജമാഅത്തിന് ആരോഗ്യദൃഢഗാത്രന്മാരെ ആവശ്യമില്ല. പ്രത്യുത സ്വഭാവങ്ങളിൽ മാറ്റം വരുത്താൻ പരിശ്രമിക്കുന്നതിന് കഴിവുള്ളവരെയാണ് ആവശ്യം. പർവ്വതത്തെ ഒരിടത്തുനിന്ന് മാറ്റുന്നവനല്ല യഥാർഥത്തിൽ ഫയൽവാൻ. അല്ല, യഥാർഥ ഫയൽവാൻ സ്വാഭാവത്തിൽ മാറ്റം വരുത്താൻ കഴിവുള്ളവൻ മാത്രമാകുന്നു. അതിനാൽ ഓർക്കുക! എല്ലാ ശക്തിയും കഴിവുകളും സ്വഭാവങ്ങൾ മാറ്റുന്നതിൽ ചെലവഴിക്കുക. കാരണം ഇതു തന്നെയാണ് യഥാർഥ ശക്തിയും ധൈര്യവും. *(മൽഫൂദാത്ത് വാല്യം 2, പേജ് 140, 1984 പതിപ്പ്)*

പരസ്പരമുള്ള സ്നേഹവും പരസ്പരം അവകാശങ്ങൾ കൊടുക്കുന്നതും വിനയാന്വിതമായി ജീവിതം നയിക്കുന്നതും സംബന്ധിച്ച് ആ മഹാത്മാവ് പറയുന്നു: 'തഖ്‌വയുടെ അഹ്‌ലുകാർക്കുള്ള ഒരു നിബന്ധന തങ്ങളുടെ ജീവിതം ദാരിദ്ര്യത്തിലും അശരണതയിലും കഴിക്കുക എന്നതാകുന്നു.'

ഇത് തഖ്‌വ(ഭക്തി)യുടെ ഒരു ശാഖയാകുന്നു. ഇതു മുഖേന നമ്മൾ അനാവശ്യമായ കോപത്തെ നേരിടേണ്ടതാണ്. വലിയ വലിയ ആരിഫീങ്ങൾക്കും സിദ്ദീഖുമാർക്കുമുള്ള അവസാനത്തെ കടമ്പ കോപത്തിൽ നിന്ന് രക്ഷപ്പെടുക തന്നെ

യാകുന്നു. ദുരഭിമാനം കോപത്തിൽ നിന്നാണുടലെടുക്കുന്നത്. അതുപോലെതന്നെ ചിലപ്പോൾ കോപം ദുരഭിമാനത്തിന്റെ ഫലവുമാകാം. അതായത് കോപം, അഹങ്കാരം കൊണ്ടും ഗർവുകൊണ്ടുമാണ് ഉണ്ടാകുന്നത്. അല്ലെങ്കിൽ അഹങ്കാരവും ഗർവും കാരണമാണ് കോപമുണ്ടാകുന്നത്. കാരണം കോപമുണ്ടാകുന്നത്, മനുഷ്യൻ തനിക്ക് മറ്റുള്ളവരെക്കാൾ പരിഗണന നൽകുമ്പോഴാണ്. എന്റെ ജമാഅത്തിലെ ആളുകൾ പരസ്പരം ആരെയെങ്കിലും വലുതോ ചെറുതോ ആണെന്ന് മനസ്സിലാക്കുന്നതിനെയും പരസ്പരം ഗർവ്വിഷ്ഠരാകുന്നതിനെയും അതല്ലെങ്കിൽ നിന്ദാദൃഷ്ടിയോട് നോക്കുന്നതിനെയും ഞാനിഷ്ടപ്പെടുന്നില്ല. ആരാണ് വലുത്, ആരാണ് ചെറുത് എന്ന് അല്ലാഹുവിനറിയാം. ഇതും ഒരു തരം നിന്ദയാകുന്നു. അതിനുള്ളിൽ നിന്ദയുണ്ട്. ഈ നിന്ദത വിത്തു പോലെ പടരുമോ എന്നും അതയാളുടെ നാശത്തിന് ഹേതുവാകുമോ എന്നും ഞാൻ ഭയപ്പെടുന്നു. ചിലയാളുകൾ വലിയ ആളുകളെ കാണുമ്പോൾ അവരെ സന്ദർശിച്ച് വളരെ ആദരവോടുകൂടി പെരുമാറുന്നു. എന്നാൽ, വലിയയാൾ അഗതികളുടെ കാര്യത്തിൽ വിനയാന്വിതനായി കേൾക്കുന്നവനാകുന്നു. അത്തരമാളുകളുടെ ഹൃദയത്തെ സന്തോഷിപ്പിക്കുക. അയാളുടെ കാര്യങ്ങൾക്ക് ഇടനൽകുക. നീരസമുണ്ടാക്കുന്നതോ ദുഃഖമുണ്ടാക്കുന്നതോ ആയ ഒന്നും പറയാതിരിക്കുക. പ്രത്യേകിച്ചും വലിയ ആളുകളും ഭാരവാഹികളും ഇതേ കുറിച്ച് ശ്രദ്ധിക്കേണ്ടതാണ്. ആരുമായി സംസാരിക്കുകയാണെങ്കിലും അയാളോട് വളരെ സമാധാനത്തിലും സ്നേഹത്തിലും സംസാരിക്കുവിൻ. അല്ലാഹു പറയുന്നു: ***വലാ തനാബസൂ ബിൽഅൽഖാബി ബിഅ്സൽ ഇസ്മുൽഫസൂഖു ബഅ്ദൽ ഈമാൻ വമൻലം യത്തുബ് ഫഉലാഇക്കഹുമുള്ളാലിമൂൻ***(49:11)

നിങ്ങൾ പരസ്പരം ചീത്തപ്പേര് വിളിക്കുകയുമരുത്. ഈ കർമങ്ങൾ ധിക്കാരിയുടേതാകുന്നു. ആരെയെങ്കിലും ശുണ്ഠി പിടിപ്പിക്കുന്നവൻ സ്വയം അതിന് വിധേയമാകാതെ കണ്ട മരണപ്പെടുന്നതല്ല. തങ്ങളുടെ സഹോദരങ്ങളെ നിന്ദാദൃഷ്ടിയോടെ നേക്കരുത്. എല്ലാവരും ഒരേ അരുവിയിൽനിന്നാണ് വെള്ളം കുടിക്കേണ്ടതെന്നിരിക്കെ ആർക്കാണ് കൂടുതൽ വെള്ളം കുടിക്കാൻ ഭാഗ്യം കിട്ടുക എന്നാർക്കറിയാം. ഭൗതികമായ ഒരു തത്ത്വത്തിനും ആരെയും അന്തസുടയവരാക്കാൻ കഴിയില്ല. അല്ലാഹുവിന്റെ പക്കൽ ഏറ്റവും വലിയവൻ മുത്തഖിയാകുന്നു. ***ഇന്ന അക്റമക്കും യിൻദല്ലാഹി അത്ഖാക്കും ഇന്നല്ലാഹ അലീമുൻ ഖബീറുൻ***(49:14)തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽവെച്ചേറ്റവും ബഹുമാന്യൻ നിങ്ങളിൽ വെച്ചേറ്റവും ഭയഭക്തിയുള്ളവനാകുന്നു.

അതിനാൽ റമളാനിൽ സ്വായത്തമാക്കിയ തഖ്‌വ ആവശ്യപ്പെടുന്നതും ഇതുതന്നെയാണ്. അതായത് പരസ്പര ബന്ധങ്ങളും വളരെ നല്ല നിലയിലാക്കിത്തീർക്കുക. പരസപരമുള്ള ഇടപാടുകളിൽ ഉൽകൃഷ്ട സ്വഭാവത്തിന്റെ മാതൃക കാണിക്കുക.

അദ്ദേഹം വീണ്ടും പറയുന്നു: ഞാൻ പല പ്രാവശ്യവും പറഞ്ഞതെന്തെന്നാൽ, നിങ്ങൾ പരസ്പരം ഐക്യത്തിലാകുവിൻ. ഒന്നിച്ച് നിൽക്കുവിൻ. നിങ്ങൾ ഒരൊറ്റ വ്യക്തിത്വം പോലെയായി മാറണമെന്നും അല്ലെങ്കിൽ ശക്തി ക്ഷയിച്ചുപോകുമെന്നുമാണ് മുസ്‌ലിമീങ്ങൾക്കു അല്ലാഹു നൽകിയ അധ്യാപനം. നമസ്കാരത്തിൽ പരസ്പരം ചേർന്നുനിൽക്കാൻ കല്പന നൽകിയത് പരസ്പരം ഐക്യത്തിലാകുന്നതിനു വേണ്ടിയാണ്. വൈദ്യുതിപ്രവാഹംപോലെ ഒരാളുടെ നന്മ മറ്റൊരാളിലേക്ക് പ്രവേശിക്കുമാറാകണം. ഭിന്നിപ്പുണ്ടാകുകയും ഐക്യപ്പെടാതിരിക്കുകയുമാണെങ്കിൽ പിന്നെ ദൗർഭാഗ്യവാന്മാരാകുന്നതാണ്.' ഇന്നത്തെ സാഹചര്യങ്ങൾ കാരണം ഒരു അകൽച്ചകൊടുക്കുന്നുണ്ടെങ്കിൽ അത് ആവശ്യം കാരണമാണ്. അതിനെ കുട്ടികളും ചിലമറ്റുള്ളവരും സ്ഥായിയായ കാര്യമാണെന്ന് മനസ്സിലാക്കരുത്. സാഹചര്യങ്ങൾ ശരിയായി വരുന്നുണ്ട്. സാഹചര്യങ്ങൾ മെല്ലെ മെല്ലെ ശരിയായി വരുന്നുണ്ട്. അകൽച്ച കുറഞ്ഞു വരുന്നുണ്ട്. ഇൻശാഅല്ലാഹ് നോർമലായ സാഹചര്യവും വരുന്നതായിരിക്കും. യഥാർഥ കാര്യമെന്തെന്നാൽ, മസ്ജിദുകളിൽ സഫ്ഫുകളിൽ നില്ക്കുമ്പോൾ പരസ്പരം കൂടിച്ചേർന്നു നിൽക്കേണ്ടതാണ്. അതെപ്പോഴും ഓർമ വെക്കുകയും വേണം. അങ്ങനെ ചുരുങ്ങിയ രീതിയിലെങ്കിലും നമസ്കാരം നടക്കാൻ വേണ്ടി ഇപ്പോഴത്തെ നിർബന്ധ സാഹചര്യത്തിൽ ഒരു താൽകാലിക arrangemnet ആണ് ചെയ്തിട്ടുള്ളതാണ്. അതുകൊണ്ടാണ് ഗാപ് കൊടുത്തിട്ടുള്ളത്. ഇൻശാഅല്ലാഹ് സാഹചര്യങ്ങൾ ശരിയായി വരുന്നുണ്ട്. എത്രയുംവേഗം നോർമൽ ആകുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു.

ഏതായിരുന്നാലും ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: നബി(സ)തിരുമേനി പറഞ്ഞു: 'പരസ്പരം സ്നേഹിക്കുക. പരസ്പരം അദൃശ്യപരമായ ദുആകൾ ചെയ്യുക.' അത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. പരസ്പരം അദൃശ്യമായി ദുആകൾ ചെയ്യുക; നിങ്ങളോട് ആരെങ്കിലും ദുആ ചെയ്യാൻ പറഞ്ഞാലും ഇല്ലെങ്കിലും, അറിയുന്നവരാണെങ്കിലും അല്ലെങ്കിലും!

പൊതുവായ നിലയ്ക്ക് ജമാഅത്തിലുള്ളവർ പരസ്പരവും ജമാഅത്ത് എന്ന നിലയ്ക്കും ദുആ ചെയ്യുക. ഇതു വലിയൊരു നന്മയാകുന്നു. പറയുന്നു: ഒരാൾ അദൃശ്യപരമായി ദുആ ചെയ്യുകയാണെങ്കിൽ നിനക്കും അങ്ങനെതന്നെ ഉണ്ടാകുമാറാകട്ടെ എന്ന് മലക്കുകൾ പറയുന്നു. എത്ര ഉന്നതമായ കാര്യമാണിത്. ഇനി മനുഷ്യന്റെ ദുആ സ്വീകരിക്കപ്പെടുന്നില്ലെങ്കിൽ മലക്കുകളുടെ ദുആ സ്വീകരിക്കപ്പെടുന്നതാണ്. ഞാൻ ഉപദേശിക്കുകയാണ്, പരസ്പരം ഭിന്നതയിലാകരുതെന്ന് ഞാൻ പറയാനാഗ്രഹിക്കുകയാണ്.' പറയുന്നു:ഞാൻ രണ്ടു കാര്യങ്ങളുമായിട്ടാണ് വന്നിരിക്കുന്നത്. ഒന്ന് അല്ലാഹുവിന്റെ തൗഹീദ് സ്വായത്തമാക്കുക. രണ്ട് പരസ്പരം സ്നേഹവും സഹാനുഭൂതിയും പ്രകടിപ്പിക്കുക.

മറ്റുള്ളവർക്ക് കറാമത്ത് എന്ന രീതിയിലുള്ള മാതൃക കാണിക്കുവിൻ. ഈ തെളിവുകൾ തന്നെയാണ് സ്വഹാബാക്കളിൽ ഉണ്ടായിരുന്നത്. ***കുൻതും അഅ്ദാഅൻ ഫഅല്ലഫ ബയ്ന ഖുലൂബിക്കും*** (3:104)

നിങ്ങൾ പരസ്പരം ശത്രുക്കളായിരുന്നു അവൻ നിങ്ങളുടെ ഹൃദയങ്ങളെ പരസ്പരം കൂട്ടിയിണക്കി. ഓർക്കുക! പരസ്പര ബന്ധം ഒരു അത്ഭുതദൃഷ്ടാന്തമാകുന്നു. ഓർക്കുക! നിങ്ങളിലോരോരുത്തരും തനിക്കാഗ്രഹിക്കുന്നത് തന്റെ സഹോദരനു വേണ്ടിയും ആഗ്രഹിക്കാത്തിടത്തോളം എന്റെ ജമാഅത്തിൽ പ്പെട്ടവരാകുന്നതല്ല. അവൻ മുസീബത്തിലും പ്രയാസങ്ങളിലുമായിരിക്കും. അവന്റെ പര്യവസാനം നന്നായിരിക്കുന്നതല്ല.***(മൽഫൂദാത്ത് വാല്യം 2, പേജ് 48, 1984 പതിപ്പ്)***

തുടർന്ന് അല്ലാഹുവിനോടുള്ള സ്നേഹത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: 'അല്ലാഹുവിനോടുള്ള സ്നേഹം കൊണ്ടെന്താണ് വിവക്ഷിതം? തങ്ങളുടെ മാതാപിതാക്കളെക്കാളും മക്കളെക്കാളും തങ്ങളെക്കാളും ചുരുക്കത്തിൽ എല്ലാ കാര്യത്തിലും അല്ലാഹുവിനോടുള്ള സ്നേഹത്തെ മുന്തിക്കുക. വിശുദ്ധ ഖുർആനിൽ പറയുന്നു: ***ഫദ്കുറല്ലാഹ കദിക്രിക്കും ആബാഅക്കും ഔ അശിദ്ദ ശിക്റൻ*** (2:201) അതായത് നിങ്ങൾ നിങ്ങളുടെ പിതാക്കന്മാരെ ഓർക്കുന്നതുപോലെ അല്ലെങ്കിൽ അതിനേക്കാളും കൂടുതലായി ശക്തമായ സ്നഹേത്തോടുകൂടി അല്ലാഹുവിനെ സ്മരിക്കുവിൻ. അദ്ദേഹം പറയുന്നു: യഥാർഥ തൗഹീദ് സ്ഥാപിക്കുന്നതിന് അനിവാര്യമായിട്ടുള്ളത് അല്ലാഹു

ത്വാലിബെ ദുആ



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊറിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

**• അമീറുൽമുഅ്മിനീന്റെ ഉപദേശം •**

**'അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.'**

*(ജുമുഅ ഖുത്ബ 4-10-2019)*

ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

വിന്റെ സ്നേഹത്തിൽ പൂർണമായും ഭാഗഭാക്കാകുക എന്നതാണ്. ഈ സ്നേഹം കർമപരമായി തികഞ്ഞനിലയിൽ ഭാഗഭാക്കാകുന്നതുവരെ തെളിയിക്കപ്പെടുന്നതല്ല. കർമപരമായും സ്നേഹിക്കണം, അതു വെളിപ്പെടുത്തുകയും വേണം. കേവലം വാക്കുകൾ കൊണ്ട് അതു തെളിയുന്നതല്ല. കൽക്കണ്ടം എന്നു പറഞ്ഞു കൊണ്ടിരുന്നാൽ ഒരിക്കലും വായിൽ മധുരമുണ്ടാകുകയില്ല. വെറും മധുരമെന്ന് പറഞ്ഞതു കൊണ്ടോ പഞ്ചസാര എന്ന് പറഞ്ഞതുകൊണ്ടോ നാവിൽ മധുരം ഉണ്ടാകുന്നതല്ല. അതല്ലെങ്കിൽ കേവലം നാവു കൊണ്ട് സുഹൃത്താണെന്ന് പ്രഖ്യാപിക്കുകയും എന്നാൽ, പ്രയാസത്തിലും ആവശ്യമുള്ള ഘട്ടത്തിലും പിന്തുണയ്ക്കാനും സഹായിക്കാനും തയ്യാറാകാതിരിക്കുകയുമാണെങ്കിൽ അയാൾ സത്യസന്ധനായ സുഹൃത്താകാൻ തരമില്ല. അതുപോലെ അല്ലാഹുവിനെ സംബന്ധിച്ച് അവനോടു സ്നേഹമുണ്ടെന്നു വാക്കുകളിൽ മാത്രം പ്രഖ്യാപിക്കുകയാണെങ്കിൽ ഒരു പ്രയോജനവും ലഭിക്കുന്നതല്ല. മറിച്ച് വാക്കുകളുടെ പ്രഖ്യാപനത്തെക്കാളധികം കർമപരമായാണ് ആവശ്യമുള്ളത്. ഇതുകൊണ്ടുള്ള വിവക്ഷിതം വാക്കുകളുടെ പ്രഖ്യാപനം ഒന്നുമല്ല എന്നല്ല. എന്റെ ഉദ്ദേശ്യം വാക്കുകളോടൊപ്പംതന്നെ കർമപരമായ പ്രകടനവും അനിവാര്യമാണെന്നാണ്. അതുകൊണ്ട് ഏറ്റവും അനിവാര്യമായിട്ടുള്ളത് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജീവിതത്തെ സമർപ്പിക്കുകയാണ്. അതുതന്നെയാണ് ഇസ്‌ലാം. ഈ ഉദ്ദേശ്യത്തിനുവേണ്ടിത്തന്നെയാണ് ഞാൻ അയക്കപ്പെട്ടിട്ടുള്ളത്. അതിനാൽ ഈ ഉദ്ദേശ്യസാഫല്യത്തിനുവേണ്ടി അല്ലാഹു ഒഴുക്കിയിട്ടുള്ള ഈ അരുവിക്കടുത്തേക്ക് വരാത്തവൻ തീർച്ചയായും ദൗർഭാഗ്യവാനാകുന്നു. എന്തെങ്കിലും നേടുകയോ ലക്ഷ്യം കരസ്ഥമാക്കുകയോ ചെയ്യണമെങ്കിൽ യഥാർഥ അന്വേഷകൻ അരുവിയുടെ അടുത്ത് വരേണ്ടതും മുന്നോട്ട് ചുവടുകൾ വെക്കേണ്ടതുമാണ്. ഈ ഒഴുകുന്ന അരുവിയുടെ അരികിൽ മുഖം വെക്കുക. അല്ലാഹുവിന്റെ മുന്നിൽ ആത്മാഭിമാനത്തിന്റെ മേലങ്കി അഴിച്ചുമാറ്റി ***റുബൂബിയ്യത്തി***(പരിപാലനത്തി)ന്റെ മടിത്തട്ടിൽ തല വെക്കാതെയും, ലോകത്തുള്ള അന്തസ്സ് നഷ്ടപ്പെടുകയും മുസീബത്തുകളുടെ പർവ്വതങ്ങൾ തനിക്കുമേൽ വീഴുകയാണെങ്കിലും അല്ലാഹുവുമായുള്ള ബന്ധം ഉപേക്ഷിക്കുകയില്ലെന്ന് ശപഥം ചെയ്യാതെയും ദൈവിക മാർഗത്തിൽ എല്ലാതരം ത്യാഗങ്ങളും വരിക്കാൻ തയ്യാറാകാതെയും ഇതു സാധ്യമാകുകയില്ല.

ഇബ്റാഹീം[അ]ന്റെ വളരെ മഹത്തായ ആത്മാർഥതയായിരുന്നു തന്റെ മകനെ ബലിയറുക്കാൻ തയ്യാറായത്. ഇസ്‌ലാം ആഗ്രഹിക്കുന്നതു നിരവധി ഇബ്റാഹീമുമാരെ സൃഷ്ടിക്കുക എന്നതാണ്.''

ഇതുതന്നെയാണ് വിശുദ്ധ ഖുർആൻ ഇബറ്ാഹീമിന്റെ ഉത്തമഗുണമായി പറഞ്ഞിട്ടുള്ളത്; അദ്ദേഹം കൂറുള്ളവനായിരുന്നു. അതിനാൽ നിങ്ങളിൽ ഓരോരുത്തരും ഇബ്റാഹീമാകാൻ പരിശ്രമിക്കേണ്ടതാണ്. ഞാൻ നിങ്ങളോട് സത്യമായും സത്യമായും പറയുന്നു: 'നിങ്ങൾ അല്ലെഹുവിന്റെ 'വൊലി'യെ ആരാധിക്കുന്നവയി മാറരുത്. പ്രത്യുത സ്വയം 'വൊലി'യായി മാറുവിൻ. നിങ്ങൾ പീറുമാരുടെ ആരാധ്യരായി മാറരുത്. പ്രത്യുത പീർമാരാകുക. നിങ്ങൾ ആ മാർഗങ്ങളിലൂടെ വരികയും ചെയ്യുക. പീർമാരായിക്കൊണ്ട് (ഇക്കാലത്തെ) പീർമാരെപ്പോലെ ദുരഭിമാനവും അഹങ്കാരവുമുണ്ടാകരുത്. പ്രത്യുത വിനയവും താഴ്മയും കൂറും സ്വായത്തമാക്കുവിൻ. ഇന്നത്തെ പീറുമാരെപോലെ ഭൗതികത വെളിപ്പെടുത്തണമെന്നല്ല വിവക്ഷിതം.' അദ്ദേഹം പറയുന്നു: തീർച്ചയായും അതു ഇടുങ്ങിയ വഴികളാകുന്നു. നിങ്ങൾ ആ വഴികളിലൂടെ വരുവിൻ. ഇടുങ്ങിയ വഴികളാണെങ്കിലും ഈ വഴികളിലൂടെ പ്രവേശിക്കുകയാണെങ്കിൽ സ്വസ്ഥതയും സമാധാനവും നിശ്ചയമായും ലഭിക്കുന്നതാണ്. എന്നാൽ, ഈ വാതിലിലൂടെ മെലിഞ്ഞ അവസ്ഥയിൽ മാത്രമെ കടന്നുപോകാൻ കഴിയുകയുള്ളു. (ഭൗതികതയുടെ) വൻ ഭാണ്ഡം തലയിലേറ്റിക്കൊണ്ട് അതിലൂടെ കടക്കുക പ്രയാസമാണ്. അതുകൊണ്ട് ഭൗതികമായ ബന്ധങ്ങളുടെയും ദീനിനെക്കാളും ദുൻയാവിന് മുൻഗണന നൽകുന്ന ലൗകികത എന്ന ഭാണ്ഡത്തെയും വലിച്ചെറിയുവിൻ. നമ്മുടെ ജമാഅത്ത് അല്ലാഹുവിനെ സന്തോഷിപ്പിക്കാനാഗ്രഹിക്കുന്നുവെങ്കിൽ അവരത് വലിച്ചെറിയേണ്ടതാണ്. നിങ്ങൾ തീർച്ചയായും ഓർക്കുക! നിങ്ങളിൽ കൂറും ആത്മാർഥതയുമില്ലെങ്കിൽ നിങ്ങൾ കള്ളന്മാരായിത്തീരുന്നതാണ്. അല്ലാഹുവിന്റെ മുന്നിൽ സത്യസന്ധരാകാൻ കഴിയുന്നതല്ല. അങ്ങനെയാകുമ്പോൾ ശത്രുക്കളെക്കാൾ മുമ്പേ അവർ നശിപ്പിക്കപ്പെടുന്നതാണ്. അവർ കൂറിനു പകരം ധിക്കാരത്തിന്റെ മാതൃകകൾ സ്വീകരിച്ചവരാണ്. അല്ലാഹു വഞ്ചിക്കപ്പെടുന്നതല്ല. ആർക്കും അവനെ വഞ്ചിക്കാനും കഴിയില്ല. അതുകൊണ്ട് നിങ്ങൾ സ്വച്ഛമായ ആത്മാർഥതയും സത്യസന്ധതയും ഉണ്ടാക്കേണ്ടത് നിർബന്ധമാകുന്നു. *(മൽഫൂദാത്ത് വാല്യം 3, പേജ് 188-190, 1984 പതിപ്പ്)*

സഹനവും ദുആയും മുഖേനമാത്രമെ സത്യസന്ധമായ ആത്മാർഥത ഉണ്ടാകുകയുള്ളൂവെന്നും ആ മഹാത്മാവ് വിശദീകരിച്ചിട്ടുണ്ട്. അതിനാൽ അത് സ്വായത്തമാക്കാൻ പരിശ്രമിക്കുവിൻ! അതിന് വേണ്ടി സ്ഥായീഭാവത്തോടെ അല്ലാഹുവിന്റെ കവാടത്തിൽ കുമ്പിടേണ്ടത് നിർബന്ധമാണ്. അതുകൊണ്ട് വരുന്ന ഓരോ ദിവസവും ആത്മാർഥമായി അല്ലാവുമായുള്ള ബന്ധം വർധിപ്പിക്കുന്നതിനു വേണ്ടി നമ്മൾ ഓരോരുത്തരും ശ്രമിക്കേണ്ടതാണ്.

ഇതാണ് നമ്മുടെ പ്രവർത്തന രൂപരേഖ. നമസ്കാരങ്ങളിലേക്ക് സ്ഥായിയായ ശ്രദ്ധ, അവ നല്ല നിലയിൽ അനുഷ്ഠിക്കൽ, വിശുദ്ധ ഖുർആൻ പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യൽ, അതിന്റെ കൽപനകളനുസരിച്ചുള്ള പ്രവർത്തനം, പരസ്പരമുള്ള അവകാശങ്ങൾ നിറവേറ്റൽ, തൗഹീദ് സ്ഥാപിക്കൽ, -വാസ്തവത്തിൽ ഒരു യഥാർഥ വിശ്വാസിയുടെ ഓരോ കർമവും തൗഹീദ് സ്ഥാപിക്കാൻ വേണ്ടിയുള്ളതാണ്, അങ്ങനെ ആകേണ്ടതുമാണ്. അതുതന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ ആഗമനോദ്ദേശ്യവും. അത് സംബനധിച്ച് അദ്ദേഹം കൂടെക്കൂടെ വെളിപ്പെടുത്തിയിട്ടുമുണ്ട്. അതിനാൽ അത് മനസ്സിലാക്കേണ്ടത് അനിവാര്യമാണ്. അല്ലാതെ കേവലം ബയ്അത്തുകൊണ്ട് ഒരു പ്രയോജനവും ഉണ്ടാകുന്നതല്ല.' ഇക്കാര്യം വളരെ വിശദമായി പല സ്ഥലങ്ങളിലും അദ്ദേഹം വിവരിച്ചിട്ടുണ്ട്. ഉദാഹരണമായി ഒരിടത്ത് ആ മഹാത്മാവ് പറയുന്നു: 'ബയ്അത്തിന്റേയും ഈമാന്റേയും വാദം ഉന്നയിക്കുന്നവൻ താൻ പുറന്തോട് മാത്രമാണോ അതോ അകക്കാമ്പാണോ എന്ന് ആത്മപരിശോധന നടത്തേണ്ടതാണ്. അകക്കാമ്പ് ആകാത്തിടത്തോളം ഈമാൻ, സ്നേഹം, അനുസരണം, ബയ്അത്ത്, വിശ്വാസം, ശിഷ്യത്വം, ഇസ്‌ലാം തുടങ്ങിയ കാര്യങ്ങൾ വാദിക്കുന്നവർ സത്യസന്ധരായ വാദികളല്ല. ഓർക്കുക! ഇതാണ് ശരിയായ കാര്യം. അതായത് സ്നേഹമുണ്ടെന്നും ഈമാനും അനുസരണവും ബയ്അത്തുമുണ്ടെന്നും ഒക്കെയുള്ള വാദം സത്യസന്ധമാകുന്നതല്ല. ഓർക്കുക! വാസ്തവത്തിൽ അല്ലാഹുവിന്റെ സവിധത്തിൽ അകക്കാമ്പില്ലാതെ പുറന്തോടിനു ഒരു വിലയുമില്ല. നല്ലപോലെ ഓർത്തുകൊള്ളുക! മരണം എപ്പോൾ വരുമെന്ന് അറിയില്ല. പക്ഷേ, മരണം വരുമെന്നുള്ളത് ഉറപ്പുള്ള സംഗതിയാണ്. അതുകൊണ്ട് വാദങ്ങളിൽ മാത്രം തൃപ്തി അടയുകയും സന്തോഷിക്കുകയും ചെയ്യരുത്. അതൊരിക്കലും പ്രയോജനപ്രദമായ കാര്യമല്ല. തനിക്കുമേൽ നിരവധി മരണങ്ങൾ സ്വീകരിക്കാതെയും ഒരുപാട് മാറ്റങ്ങളിലൂടെയും വിപ്ലവങ്ങളിലൂടെയും കടന്നുപോകാതെയും മനുഷ്യത്വത്തിന്റെ യഥാർഥ ഉദ്ദേശ്യം കരസ്ഥമാക്കാൻ മനുഷ്യന് സാധ്യമല്ല. *(മൽഫൂദാത്ത് വാല്യം 2, പേജ് 167, 1984 പതിപ്പ്)*

അദ്ദേഹം പറഞ്ഞു: 'നിങ്ങൾ ഭൗതിക ലോകത്തിന്റെ അവസ്ഥ നോക്കുക. നമ്മുടെ നബി[സ] തിരുമേനി തന്റെ കർമത്തിലൂടെ തന്റെ മരണവും ജീവിതവുംമെല്ലാംതന്നെ അല്ലാഹുവിനു വേണ്ടിയുള്ളതാണെന്ന് കാണിച്ചുതന്നു. ഇപ്പോൾ ലോകത്ത് മുസ്‌ലിമീങ്ങളുണ്ട്. നീ മുസ്‌ലിമാണോ എന്ന് ആരോടെങ്കിലും ചോദിച്ചാൽ പറയും, അൽഹംദുലില്ലാഹ് എന്ന്. ആരെ സംബന്ധിച്ചാണോ അയാൾ കലിമ ചൊല്ലുന്നത് ആ ദിവ്യാത്മാവിന്റെ ജീവിതത്തിന്റെ അടിസ്ഥാനം അല്ലാഹുവിനു വേണ്ടിയുള്ളതായിരുന്നു. എന്നാൽ, ഇവർ ഭൗതികതക്കുവേണ്ടിയാണു ജീവിക്കുന്നത്. ഭൗതികതക്കു വേണ്ടിത്തന്നെ മരിക്കുകയും ചെയ്യുന്നു.'' പൊതുമുസ്‌ലിം "മരണവായുവലിക്കാൻ തുടങ്ങുന്നതുവരെ.'' മരണം വന്നെത്തുന്ന നേരത്ത് അല്ലാഹു ഓർമവരുന്നു. ഇഹലോകം മാത്രമാണ് അവരുടെ ലക്ഷ്യവും പ്രേമഭാജനവുമെന്നിരിക്കെ താൻ നബി[സ]തിരുമേനിയെ അനുസരിക്കുന്നുവെന്ന് അവനെങ്ങനെ പറയാൻ കഴിയും? ഇതു വളരെ ചിന്തനീയമായ കാര്യമാകുന്നു. ഇതിനെ നിസ്സാരമായി കരുതരുത്. മുസ്‌ലിമാകുക എന്നത് എളുപ്പമുള്ള കാര്യമല്ല. നബി[സ]തിരുമേനിയോടുള്ള അനുസരണവും ഇസ്‌ലാമിന്റെ മാതൃകയും തങ്ങൾക്കുള്ളിൽ

ഉണ്ടാകുന്നത് വരെയും തൃപതരാകരുത്. മുസ്‌ലിമീങ്ങളെന്ന് പറയപ്പെടുന്നത് പുറന്തോടു മാത്രമാകുന്നു. നബി(സ)തിരുമേനിയെ പിൻപറ്റാതെ മുസ്‌ലിം എന്ന് പറയപ്പെടുന്നതിന് ഒരു അർഥവുമില്ല. അതു കേവലം പുറന്തോടാകുന്നു. പേരിലും പുറന്തോടിലും സന്തോഷിക്കുക എന്നത് ബുദ്ധിമാന്റെ പണിയല്ല.' അദ്ദേഹം ഒരുദാഹരണം പറയുന്നുണ്ട്; നീ മുസ്‌ലിമാകുക എന്ന് ഒരു യഹൂദിയോട് ഒരു മുസ്‌ലിം പറഞ്ഞു. അയാൾ പറഞ്ഞു, നീ പേരിൽ മാത്രമാണ് സന്തോഷിക്കുന്നത്. മുസ്‌ലിമാണെന്ന് പറയുന്നതിൽ നീ സന്തോഷിക്കുന്നു.' യഹൂദി പറഞ്ഞു: 'ഞാൻ എന്റെ മകന് 'ഖാലിദ്' (ചിരഞ്ജീവി) എന്ന് പേരിട്ടു. പക്ഷേ, വൈകുന്നേരം ആകുന്നതിനുമുമ്പേ അവനെ ഖബറടക്കിയിട്ടാണ് വരുന്നത്. അവൻ ചിരഞ്ജീവിയായില്ല ദീർഘായുസ്സുപോലും കിട്ടിയതുമില്ല.

“അതുകൊണ്ട് യാഥാർഥ്യത്തെ അന്വേഷിക്കുവിൻ. കേവലം നാമങ്ങളിൽ തൃപ്തി അടയരുത്. അതിശ്രേഷ്ഠനായ നബിയുടെ ഉമ്മത്തികളെന്ന് പറഞ്ഞിട്ടും കാഫിരീങ്ങളെപോലെ ജീവിക്കുകയാണെങ്കിൽ എത്രമാത്രം ലജ്ജാവഹമായ കാര്യമാണ്. നിങ്ങൾ നിങ്ങളുടെ ജീവിതത്തിൽ മുഹമ്മദ് റസൂലുല്ലാഹ്(സ)ന്റെ മാതൃക കാണിക്കുവിൻ! ആ അവസ്ഥ സ്വായത്തമാക്കുവിൻ! നോക്കുക, ആ അവസ്ഥ ഉണ്ടാകുന്നില്ലങ്കിൽ പിന്നെ ദുർദേവതകളെ പിന്തുടരുന്നവരാകുന്നതാണ്. ഒരു വലിയ മുന്നറിയിപ്പാണിത്. സാത്താന്റെ അനുയായി ആയി മാറും. നിങ്ങൾ അവന്റെ പിന്നിൽ നടക്കുന്നവരായി മാറും. ചുരുക്കത്തിൽ അല്ലാഹുവിന്റെ സ്നേഹിതനാകുന്നത് മനുഷ്യ ജീവിതത്തിന്റെ ഉദ്ദേശ്യലക്ഷ്യമായി മാറണമെന്നത് വളരെ വ്യക്തമാണ്. കാരണം അല്ലാഹുവിന്റെ സ്നേഹിതനാകുകയും അവന്റെ സ്നേഹം ലഭിക്കുകയും ചെയ്യുന്നില്ലെങ്കിൽ വിജയകരമായ ജീവിതം നയിക്കാൻ സാധ്യമല്ല. നബി(സ) തിരുമേനിയെ സത്യസന്ധമായി അനുസരിക്കുകയും പിന്തുടരുകയും ചെയ്യാതെ അതു സാധ്യമല്ല. ഇസ്‌ലാം എന്താണെന്നു നബി(സ)തിരുമേനി തന്റെ കർമ്മത്തിലൂടെ കാണിച്ചുതന്നു. നിങ്ങൾ ആ ഇസ്‌ലാം നിങ്ങൾക്കുള്ളിൽ സൃഷ്ടിക്കുവിൻ! അങ്ങനെ അല്ലാഹുവിന്റെ സ്നേഹിതരായി തീരുവിൻ!'' *(മൽഫൂദാത്ത് വാല്യം 2, പേജ് 187-188, 1984 പതിപ്പ്)*

അദ്ദേഹം പറഞ്ഞു: 'ഓർക്കുവിൻ! നമ്മുടെ ജമാഅത്ത് പൊതുവെ ഭൗതികരായ ആളുകൾ ജീവിക്കുന്നതുപോലെ ആകുന്നതിനു വേണ്ടിയുള്ളതല്ല. കേവലം നാവുകൊണ്ട് തങ്ങൾ ഈ ജമാഅത്തിൽ പ്രവേശിച്ചു എന്ന് പറയുകയും കർമങ്ങൾ നിർബന്ധമല്ലെന്ന് മനസ്സിലാക്കുകയുമാണെങ്കിൽ, അത് നിങ്ങൾ മുസ്‌ലിമീങ്ങളാണോ എന്ന് ചോദിക്കുമ്പോൾ **'ശുക്ർ അൽഹംദുലില്ലാഹ്'** എന്ന് പറയുന്ന മുസ്‌ലിമീങ്ങളുടെ ദൗർഭാഗ്യകരമായ അവസ്ഥപോലെയാണ്. അവർ നമസ്കരിക്കുന്നില്ല, ദൈവികമായ ചിഹ്നങ്ങളെ ആദരിക്കുന്നുമില്ല. അതിനാൽ നിങ്ങൾ കേവലം നാവു കൊണ്ട് പ്രഖ്യാപിക്കുകയും കർമങ്ങൾ കൊണ്ട് ഒന്നും പ്രകടിപ്പിക്കാതിരിക്കുകയും ചെയ്യുന്നത് ഞാനിഷ്ടപ്പെടുന്നില്ല. ഇതു മോശമായ അവസ്ഥയാകുന്നു. അല്ലാഹു അതു ഇഷ്ടപ്പെടുന്നില്ല. ലോകത്തിന്റെ ഈ അവസ്ഥ ആവശ്യപ്പെട്ടതനുസരിച്ചു തന്നെയാണ് അവൻ എന്നെ **ഇസ്‌ലാഹ്** അഥവാ പരിവർത്തനത്തിനുവേണ്ടി എഴുന്നേൽപ്പിച്ചത്. അങ്ങനെയാരെങ്കിലും ഞാനുമായി ബന്ധം സ്ഥാപിച്ചതിനുശേഷവും തന്റെ അവസ്ഥ ശരിയാക്കുകയോ തന്റെ കർമപരമായ കഴിവുകളെ അഭിവൃദ്ധിപ്പെടുത്തുകയോ ചെയ്യാതെ നാവുകൊണ്ടു പറയുന്നതു മാത്രം മതിയെന്നു കരുതുന്നുവെങ്കിൽ അവൻ തന്റെ കർമങ്ങൾ കൊണ്ട് എന്റെ ആഗമനം ആവശ്യമില്ലെന്നു പ്രകടിപ്പിക്കുകയാണ് ചെയ്യുന്നത്.''

അതായത്, കർമങ്ങൾകൊണ്ടു മസീഹ് മൗഊദു വരേണ്ടണ്ട ആവശ്യമില്ലെന്ന് പറയുകയാണ്. അങ്ങനെ നിങ്ങൾ നിങ്ങളുടെ കർമങ്ങൾകൊണ്ടു എന്റെ ആഗമനം നിരർഥമാണെന്ന് തെളിയിക്കാൻ ശ്രമിക്കുമ്പോൾ ഞാനുമായി ബന്ധമുണ്ടെന്ന് പറയുന്നതിൽ എന്തർഥമാണുള്ളത്? ഞാനുമായി യഥാർഥ ബന്ധമുണ്ടെങ്കിൽ എന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കുവിൻ. അല്ലാഹുവിന്റെ മുമ്പിൽ നിങ്ങളുടെ ആത്മാർഥതയും കൂറും പ്രകടിപ്പിക്കുവിൻ. വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങൾ നബി(സ)തിരുമേനിയും സ്വഹാബാക്കളും ചെയ്തു കാണിച്ചതുപോലെ പ്രാവർത്തികമാക്കുവിൻ. വിശുദ്ധ ഖുർആനിന്റെ യഥാർഥ ഉദ്ദേശ്യം മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുവിൻ. കേവലം വായ കൊണ്ട് പ്രഖ്യാപിക്കുകയും കർമപരമായി ഒരു വെളിച്ചവും താൽപര്യവുമില്ലാതിരിക്കുകയുമാണെങ്കിൽ അല്ലാഹുവിന്റെ സവിധത്തിൽ അത് മതിയാകുന്നതല്ല. ഓർക്കുക! അല്ലാഹു സ്ഥാപിക്കാനുദ്ദേശിക്കുന്ന ജമാഅത്ത് കർമങ്ങൾകൂടാതെ ജീവസ്സുറ്റതാകുന്നതല്ല. ഇത് ഹദ്റത്ത് ആദം(അ)ന്റെ കാലം മുതൽ തയ്യാറെടുപ്പ് ആരംഭിച്ച ഒരു മഹത്തായ ജമാഅത്താകുന്നു.ലോകത്തു വന്ന ഒരു പ്രവാചകനും ഇതിന്റെ സന്ദേശത്തെ കുറിച്ച് അറിയിപ്പ് തരാതിരുന്നിട്ടില്ല. അതിനാൽ അതിനെ വിലമതിക്കുവിൻ! അതിനെ വിലമതിക്കുകയെന്നാൽ, കർമങ്ങൾകൊണ്ട് സത്യവാന്മാരുടെ സംഘം നിങ്ങൾതന്നെയാണെന്ന് തെളിയിക്കുകയാണ്.'' *(മൽഫൂദാത്ത് വാല്യം 3, പേജ് 370-371, 1984 പതിപ്പ്)*

നബി(സ)തിരുമേനി പ്രവചിച്ച മഹ്ദിയും മസീഹും ആ മഹാത്മാവാണെന്ന ഉറച്ച വിശ്വാസത്തോടു കൂടിയാണ് നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നു ബയ്അത്തു ചെയ്തതെന്ന് സ്ഥാപിക്കേണ്ടതാണ്. അതിന് നമുക്കുള്ളിൽ പരിശുദ്ധ മാറ്റങ്ങളുണ്ടാക്കുകയും ഒരു വിപ്ലവമുണ്ടാകുകയും വേണം. ലോകത്തിന് ഒരു മാതൃകയായി തീരണം. അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകൾ പൂർത്തിയാക്കുന്നതിന് ഒരു നിലവാരം സ്ഥാപിക്കേണ്ടതാണ്. റമളാനിൽ നാം ആർജിച്ച ശിക്ഷണം വർഷത്തിലെ മറ്റു മാസങ്ങളിലും നിലനിറുത്തേണ്ടതാണ്. മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽ ഞാൻ ഒരു പ്രവർത്തന രൂപരേഖയാണ് നിങ്ങളുടെ മുന്നിൽ സമർപിച്ചത്. അതനുസരിച്ച് പ്രവർത്തിക്കാൻ പൂർണമായും ശ്രമിക്കേണ്ടതാണ്. നിങ്ങളുടെ നമസ്കാരങ്ങൾ മനോഹരമായി നിർവഹിക്കുകയും വിശുദ്ധ ഖുർആനിനെ പ്രാവർത്തികമാക്കുകയും പരസ്പരം അവകാശങ്ങൾ കൊടുത്തുവീട്ടുകയും വേണം. തൗഹീദിന്റെ സംസ്ഥാപനത്തിനുവേണ്ടി എല്ലാ ത്യാഗങ്ങളും വരിക്കേണ്ടതാണ്. അപ്പോൾ മാത്രമേ നമ്മൾ ബയ്അത്തിന്റെ കടമകൾ പൂർത്തിയയാക്കുന്നവരാകുകയുള്ളൂ. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖു നൽകുമാറാകട്ടെ .

ലോകത്തിന്റെ അവസ്ഥകൾ നന്നായി തീരുന്നതിനു വേണ്ടി ദുആ ചെയ്യുക. പരസ്പരം ശത്രുക്കളാകുകയും രാഷ്ട്രങ്ങൾ തമ്മിൽ ആക്രമിക്കുകയും ചെയ്യുന്നു. അവർ ബുദ്ധി പ്രയോഗിക്കുകയും ഈ കാര്യങ്ങളിൽനിന്നു പിന്മാറുകയും ചെയ്യുമാറാകട്ടെ. അല്ലെങ്കിൽ ലോകം വളരെ യധികം നാശത്തിലേക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. അവർ തങ്ങളുടെ സ്രഷ്ടാവായ അല്ലാഹുവിനെ തിരിച്ചറിയുകയാണെങ്കിൽ മാത്രമേ രക്ഷപ്പെടുകയുള്ളൂ. അതുപോലെ ബന്ധനസ്ഥരായ അഹ്മദികൾക്ക് വേണ്ടിയും ദുആ ചെയ്യുക. പാകിസ്താനിലെ അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യുക. ലോകത്തിലെ വിവിധ രാജ്യങ്ങളിലുള്ള അവസ്ഥയ്ക്കുവേണ്ടിയും ദുആ ചെയ്യുക. അഫ്ഗാനിസ്ഥാനിൽ ബന്ധനസ്ഥരായവർക്കുവേണ്ടിയും ദുആ ചെയ്യുക. അൾജീരിയായിലെ ബന്ധനസ്ഥർക്കുവേണ്ടിയും ദുആ ചെയ്യുക. പാകിസ്താനിലെ നിയമങ്ങൾ കാരണവും എല്ലാ സ്ഥലത്തും മൗലവിമാരോടും പൊതു ജനങ്ങളോടുമുള്ള ഭയം കാരണവും ജഡ്ജിമാർക്ക് ശരിയായ തീരുമാനം എടുക്കാൻ കഴിയുന്നില്ല. അല്ലാഹു അവസ്ഥകൾ നന്നാക്കുമാറാകട്ടെ. പാകിസ്താനിലും അഹ്മദികൾക്ക് സ്വാതന്ത്ര്യത്തോടുകൂടെ കഴിയാൻ അവസരം ഉണ്ടാകുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ഞാൻ ഒരു ജനാസ നമസ്കരിപ്പിക്കുന്നതാണ്. ജനാബ് അബ്ദുൽ ബാഖി അശ്റഫ് സാഹിബ് അശ്ശിർക്കത്തുൽ ഇസ്‌ലാമിയ യു.കെയുടെ ചെയർമാനായിരുന്നു. ഡോക്ടർ അബ്ദുൽ ഹമീദ് ഫയ്സലാബാദിന്റെ മകനാണ്. ഏപ്രിൽ 27-ാം തിയതി 88-ാമത്തെ വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.*

ഇദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് മിയാ ചിരാഗ്ദീൻ സാഹിബ്(റ)ന്റെ പ്രപൗത്രനാണ്. ഹദ്റത്ത് മുഹമ്മദു ഹുസയ്ൻ സാഹിബ്(റ) മർഹമെ ഈസാ'യുടേയും ഒരു കാലത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന മിയാ മുഹമ്മദ് യൂസുഫ് സാഹിബിന്റേയും കുടുംബത്തിൽ പെട്ടയാളുമാണ്. അശ്റഫ് ബാഖി സാഹിബ് 1955- ലാണ് ഇംഗ്ലണ്ടിൽ വന്നത്. ഇവിടെ ഇലക്ട്രിക്കൽ എഞ്ചിനിയറിംഗ് ചെയ്തു. തന്റെ ഭാര്യയോടൊപ്പം മസ്ജിദ് ഫള്ലിൽ തന്നെയാണ് താമസിച്ചിരുന്നത്. 1963-ൽ ജോലി കിട്ടിയപ്പോൾ സൗദി അറേബ്യ

യിൽ പോയി. 72 വരെയും അവിടെയായിരുന്നു. സൗദി അറേബ്യയിൽ താമസിക്കുമ്പോൾ ഹജ്ജിനും ഉംറക്കും വരുന്ന അഹ്മദികളെ സേവിക്കാൻ സൗഭാഗ്യം ലഭിച്ചിട്ടുണ്ട്. അവരിൽ ചില സ്വഹാബാക്കളുമുൾപ്പെടുന്നു. സൗദി അറേബ്യയിൽ താമസിക്കുമ്പോൾ അഹ്മദിയായ കാരണത്താൽ തടവിൽ കഴിയുന്നതിനും ഭാഗ്യം ലഭിച്ചിട്ടുണ്ട്. അഹ്മദിയ്യത്ത് ഒഴിവാക്കുകയാണെങ്കിൽ മോചിപ്പിക്കാമെന്ന് ഭരണകൂടത്തിന്റെ ഭാഗത്തുനിന്നു അദ്ദേഹത്തിന് ഓഫറുമുണ്ടായിരുന്നു. അദ്ദേഹം കാരാഗ്രഹം സ്വീകരിക്കുകയും അഹ്മദിയ്യത്ത് ഒഴിവാക്കുന്നത് നിരാകരിക്കുകയും ചെയ്തു. 1972-ൽ അദ്ദേഹത്തെ നാട്ടിൽ നിന്നു പുറത്താക്കി. പിന്നെ യൂ.കെയിൽ വന്നു. അദ്ദേഹത്തിന് യൂ.കെയിൽ വന്നതിനുശേഷം അവസാന ശ്വാസംവരെയും വിവിധ തസ്തികകളിൽ ജമാഅത്തിന്റെ സേവനത്തിനുള്ള തൗഫീഖു ലഭിച്ചു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഹിജ്റത്ത് ചെയ്തപ്പോൾ അദ്ദേഹത്തെ കൊണ്ടുവരാൻ ഹോളണ്ടിലും പോയിരുന്നു. പിന്നെ ഹോളണ്ടിൽ നിന്ന് അദ്ദേഹത്തോടൊപ്പമാണ് വന്നത്. യൂ.കെയിൽ ജാഇദാദ് സെക്രട്ടറിയായും പ്രവൃത്തിക്കാൻ തൗഫീഖ് ലഭിച്ചു. ഇസ്ലാമാബാദിലെ ഭൂമി വാങ്ങുന്നതിലും അദ്ദേഹത്തിനു വലിയൊരു പങ്കുണ്ട്. യൂ.കെ നാഇബ് അമീറായും യൂ.കെ അഫ്സർ ജൽസ സാലാന, ചെയർമാൻ ആഫ്രിക്ക ട്രേഡ്, ചെയർമാൻ അശ്ശിർക്കത്തുൽ ഇസ്ലാമിയ്യ എന്നീ നിലയ്ക്കും ദീർഘകാലം സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചു. സന്തപ്ത കുടുംബത്തിൽ രണ്ടു ആൺമക്കളും രണ്ടു പെൺമക്കളുമുണ്ട്. അദ്ദേഹത്തിന്റെ ഒരു മകൻ നബീൽ അശ്റഫ് സാഹിബ് ഇവിടെ ജമാഅത്തിന് നല്ലപോലെ സേവനം ചെയ്യുന്നുണ്ട്.

അദ്ദേഹത്തെ കുറിച്ച് ഓഫീസിലെ മുൻ പ്രവർത്തകനായ മുബശ്ശിർ സഫ്ർ സാഹിബ് പറയുന്നു: വോളന്റിയായിട്ടാണ് സേവനം ചെയ്തിരുന്നത്. ജമാഅത്തിൽ നിന്ന് ഒരു അലവൻസും വാങ്ങിയുന്നില്ല, പക്ഷേ, വളരെ ഉത്തരവാദിത്വത്തോടെ പ്രവൃത്തിച്ചിരുന്നു. വളരെ സമയനിഷ്ഠയുള്ള ആളായിരുന്നു. അവശനായിരുന്നിട്ടുകൂടി എല്ലാ ദിവസവും എട്ടു പത്തു മണിക്കൂർ ഓഫീസിൽ ഇരിക്കുമായിരുന്നു. രോഗത്തെയും ഗൗനിച്ചിരുന്നില്ല. മറ്റൊന്ന് പറയുന്നു: അദ്ദേഹത്തിന് സ്വന്തം കൈകൊണ്ട് ജോലി ചെയ്യുന്ന ശീലമായിരുന്നു. ചായപോലും സ്വയം ഉണ്ടാക്കാൻ ശ്രമിച്ചിരുന്നു. ചായ ആരെങ്കിലും ഉണ്ടാക്കി കൊടുത്താൽ പാത്രം കഴുകാൻ അനവുദിക്കുമായിരുന്നില്ല. മറിച്ച് സ്വയം കഴുകുമായിരുന്നു. ചില സമയത്ത് അവിടെ ഡീർപാർക്കിൽ ചിലയാളുകൾ ഉച്ച ഭക്ഷണത്തിനുശേഷം തിന്ന പാത്രങ്ങൾ മേശയിൽത്തന്നെ വെച്ചു പോകുമായിരുന്നു. അപ്പോൾ ആരോടും പറയാതെ അവയെല്ലാം എടുത്തുമാറ്റി മേശ വൃത്തിയാക്കിയിരുന്നു. ചിലപ്പോൾ ടോയ്ലറ്റ് വൃത്തിയാക്കുന്നയാൾ വരാതിരുന്നാൽ ടോയ്ലെറ്റും വൃത്തിയാക്കുമായിരുന്നു. വളരെ താഴ്മയോടുകൂടി സ്നേഹത്തോടുകൂടി ജോലി ചെയ്യുന്ന ഓഫീസറായിരുന്നു. ഓർമ ശക്തിയും നല്ലപോലെ ഉണ്ടായിരുന്നു. ജമാഅത്തിന്റെ പണവും ഉത്തരവാദിത്വങ്ങളും അവസാന സമയംവരെയും നല്ല നിലയിൽ നോക്കി നടത്തി. നമസ്കാരത്തിൽ വളരെ ശുഷ്കാന്തിയുള്ളയാളും നമസ്കാരം ജമാഅത്തായി അനുഷ്ഠിക്കുന്ന വ്യക്തിയുമായിരുന്നു. ഖിലാഫത്തിനോടു അതിയായ ബഹുമാനമായിരുന്നു. ഖിലാഫത്തിൽനിന്ന് എന്തെങ്കിലും നിർദേശങ്ങൾ ലഭിച്ചാൽ അദ്ദേഹത്തിന്റെ അഭിപ്രായം അതിൽനിന്ന് വ്യത്യസ്തമാണെങ്കിൽപോലും ഉടൻതന്നെ വിശാല മനസ്കതയോടുകൂടി സന്തോഷപൂർവം അത് അംഗീകരിക്കുകയും തന്റെ അഭിപ്രായം വിസ്മരിക്കുകയും ചെയ്തിരുന്നു. വുദൂദ് മലിക്ക് സാഹിബ് പറയുന്നു: ഞാൻ അദ്ദേഹത്തേക്കാളും വളരെ പ്രായം കുറഞ്ഞ ആളായിരുന്നുവെങ്കിലും ഞാനെപ്പോൾ പോയാലും മാർഗനിർദേശങ്ങൾ നൽകുകയും വളരെ വിനയത്തോടുകൂടി പെരുമാറുകയും ചെയ്തിരുന്നു. സമപ്രായക്കാരോടെന്ന പോലെയാണ് എന്നോട് പെരുമാറിയിരുന്നത്.

മുനീറുദ്ദീൻ ശംസ് സാഹിബും അദ്ദേഹത്തെ കുറിച്ച് എഴുതുന്നുണ്ട്. ഇസ്ലാമാബാദിൽ വീടുകളുടെ ആവശ്യത്തിന് വേണ്ടി തുടക്കത്തിൽ അന്വേഷണത്തിനുള്ള ഉത്തരവാദിത്വം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) അദ്ദേഹത്തെയാണ് ഏല്പിച്ചിരുന്നത്. അത് അദ്ദേഹം നല്ലരീതിയിൽ പൂർത്തിയാക്കി. അശ്ശിർക്കത്തുൽ ഇസ്ലാമിയായുടെ ഉത്തരവാദിത്വങ്ങളും അവസാനംവരെ നല്ല രീതിയിൽ നിറവേറ്റി. mta യുമായും നല്ല ബന്ധമായിരുന്നു. mtaയുടെ ജോലികൾ സാമ്പത്തിക കാര്യങ്ങളിലും കോൺട്രാക്ട് മുതലായ കാര്യങ്ങളിലും നല്ലരീതിയിൽ ഭാഗഭാക്കായി. അല്ലാഹു അദ്ദേഹത്തിന് പൊറുത്തു കൊടുക്കുകയും കാരുണ്യത്തോടും മഗ്ഫിറത്തോടും കൂടി പെരുമാറുകയും പദവികൾ ഉയർത്തുകയും ചെയ്യുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും സേവനത്തിന് തൗഫീഖ് നൽകുകയും ആത്മാർഥമായും കൂറോടുംകൂടി ജമാഅത്തിനോടും ഖിലാഫത്തിനോടും പ്രതിബദ്ധത പുലർത്താൻ തൗഫീഖു നൽകുകയും ചെയ്യുമാറാകട്ടെ. ആമീൻ.

ഞാൻ പറഞ്ഞതുപോലെ ജനാസ ഹാജരാണ്. പുറത്തുപോയി ഞാൻ ജനാസ നമസ്കരിപ്പിക്കുന്നതാണ്.

...☆...☆☆...☆...

പേജ് 6 ൽ നിന്ന്

മായി കൂടിക്കാഴ്ച നടത്തുമ്പോഴെല്ലാം 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്ന നിങ്ങളുടെ മുദ്രാവാക്യം വ്യക്തമാകുന്നു. നിങ്ങൾ എന്നെ ജർമനി ജൽസാ സാലാനയിലേക്കും ക്ഷണിച്ചു. ഇതിൽ പങ്കെടുക്കാനും എനിക്ക് അവസരം ലഭിച്ചു. ഏകദേശം 34 ആയിരത്തോളം സ്ത്രീ പുരുഷന്മാർ അതിൽ പങ്കെടുത്തിരുന്നു. അവിടേയും സംസാരിക്കാൻ അവസരം ലഭിച്ചു. ഈ ജൽസ കാരണത്താൽ എന്റെ വളരെയധികം തെറ്റുധാരണകൾ നീങ്ങി. ഇസ്ലാമിന്റെ യാഥാർഥ്യം എനിക്ക് വ്യക്തമായി. ഇതിൽ എനിക്ക് നിങ്ങളോട് നന്ദിയുണ്ട്. പുതുവർഷാരംഭത്തിൽ നിങ്ങൾ വൃത്തിയാക്കിയ ചെംനിറ്റ്സ് (Chemnitz)പട്ടണം മുതലേ എനിക്ക് നിങ്ങളെ അറിയാം.

പാക്കിസ്താനിലെ വാർത്തകൾ കേൾക്കുമ്പോൾ എന്റെ മനസ്സ് വളരെയധികം പ്രയാസ്സപ്പെടുന്നു. തുടർന്ന് എർഫോർട്ടിൽ(Erfurt) നിങ്ങൾക്ക് മസ്ജിദ് നിർമിക്കുന്നതുമായി ബന്ധപ്പെട്ടു നേരിടേണ്ടി വന്ന ബുദ്ധിമുട്ടുകളെ കുറിച്ച് ചിന്തിക്കുമ്പോഴും പ്രയാസം തോന്നുന്നു.'

ഒരു എം.പിയായ ഹെയിൻറിച്ച്(Heinrich)സാഹിബും വേദിയെ അഭിമുഖീകരിച്ചു. ഞാൻ മുമ്പേ പാതിരിയായും ജോലി ചെയ്തിട്ടുണ്ട്. എന്റെ അഭിപ്രായത്തിൽ മുമ്പേ സൂചിപ്പിച്ചതുപോലെ ഒരു കാര്യം വളരെ അനിവാര്യമാണ്. കേവലം കാര്യങ്ങൾ പറയുക മാത്രമല്ല ചെയ്യേണ്ടത്, പ്രത്യുത അതനുസരിച്ച് പ്രവൃത്തിയും കാണേണ്ടത് അനിവാര്യമാണ്. ഇക്കാര്യം എനിക്ക് നിങ്ങളുടെ ജമാഅത്തിൽ കാണാൻ സാധിക്കുന്നു. ഖലീഫയുടെ നേതൃത്വത്തിൽ ഇസ്ലാമിന്റെ യഥാർഥ അധ്യാപനം വീണ്ടും നിങ്ങൾ ലോകരുടെ മുമ്പിൽ സമർപ്പിക്കുന്നു എന്നതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്. മൂല്യങ്ങൾ സ്ഥാപിക്കുന്നു. ഈ സന്ദേശങ്ങൾ ലോകരിലേക്ക് എത്തിക്കുന്നു. യഥാർഥത്തിൽ നിങ്ങൾ മറ്റെല്ലാ മതവിഭാഗങ്ങളിൽനിന്നും വ്യത്യസ്തരാണ്. എനിക്ക് ഇക്കാര്യങ്ങളിൽ സന്തോഷമുണ്ട്. നിങ്ങളിന്ന് സംഘടിപ്പിക്കുന്ന പ്രോഗ്രാം പ്രസിദ്ധമാക്കുമെന്നും ജനങ്ങളെ അറിയിക്കുമെന്നും എനിക്ക് പ്രതീക്ഷയുണ്ട്.'

തുടർന്ന് ഗ്രൂൻ(Grune) പാർട്ടിയുടെ പ്രതിനിധിയും നാഷണൽ അസംബ്ലി അംഗവും വിദേശകാര്യ വകുപ്പിന്റെ വക്താവുമായ ഒമിഡ് നൗർപോർഷാശരചീഊരീഊ സാഹിബ് വേദിയെ അഭിമുഖീകരിച്ചു:

ഹുദൂറിനെ സ്വാഗതം ചെയ്ത അദ്ദേഹം ഈ പരിപാടിയിൽ പങ്കെടുക്കാൻ അവസരം ലഭിച്ചതിൽ വളരെയധികം സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: മുസ്ലിമും അമുസ്ലിമും ആരാണെന്നുള്ള ചോദ്യം ഇക്കാലഘട്ടത്തിൽ അധികമായി ഉയരുന്നുണ്ട്. ഇക്കാര്യം ഇസ്ലാമിൽ മാത്രം പരിമിതമല്ല. വിശ്വാസിയും അവിശ്വാസിയും ആരാണെന്നും ചോദ്യങ്ങളുയരുന്നുണ്ട്. എന്നാൽ, ഇതിന്റെ മറുപടി ഓരോരുത്തരും തന്നോടുതന്നെ നല്കേണ്ടതാണ്. മറ്റാരുമല്ല ഇതിന്റെ തീരുമാനമെടുക്കേണ്ടത്. ആരെയെങ്കിലും 'പാപി' എന്ന് പറയുന്നതും ആരോടെങ്കിലും അഭിപ്രായ വ്യത്യാസം പ്രകടിക്കുന്നതും ശരിയാണ്. എന്നാൽ, ആരെക്കുറിച്ചും അമുസ്ലിം എന്ന് പറയലോ നിഷേധി എന്നു വിളിക്കലോ തെറ്റാണ്. ആദ്യദിനം മുതലേ അഹ്മദിയ്യാ ജമാഅത്തിന് ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്നു. ഏറ്റവുമാദ്യം ഈ പ്രതിസന്ധി ജമാഅത്തിന് പാക്കിസ്താനിലുണ്ടായി. എന്നാൽ, ഇതര രാജ്യങ്ങളിലും അഹ്മദികൾക്കെതിരിൽ ഹാലിളകാറുണ്ട്. ബംഗ്ലാദേശും മറ്റും ഉദാഹരണമാണ്. ഇത്തരം പ്രശ്നങ്ങളിൽ അഹ്മദിയ്യാ ജമാഅത്തിന്റെ പ്രതികരണമാണ് എന്നെ കൂടുതൽ ആകർഷിച്ചത്. അത് **'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്'** എന്നതു തന്നെയാണ്. ഈ മുദ്രാവാക്യത്തെ എന്നല്ല, ഈ അടിസ്ഥാന തത്ത്വത്തെ കേവലം

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerala@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 02 June 2022 Issue-22

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

മതപരമായ ഇടപെടലുകളിൽ മാത്രമല്ല, ഇതും വിശാലാടിസ്ഥാനത്തിൽ വ്യാപിപ്പിക്കേണ്ടതും പ്രസിദ്ധമാക്കേണ്ടതുമുണ്ട്. നാഷണൽ അസംബ്ലിയിൽ വിവിധ പ്രദേശങ്ങളുടെ പ്രാതിനിധ്യമാണ് നമ്മൾ വഹിക്കുന്നത്. നമ്മൾക്കെല്ലാവർക്കും സ്വന്തം പ്രദേശങ്ങളിൽ അഹ്മദികളിൽ നിന്നു ഇതേ അനുഭവമാണ് തീർച്ചയായുമുണ്ടാവുക. സാമൂഹികമായും വളരെയധികം പ്രയോജനമെ ത്തിക്കുന്ന ഉന്നതനിലവാരം പുലർത്തുന്ന ഊർജ്ജസ്വലമായ ഒരു ജമാഅത്താണിത്.

മിനിസ്റ്റർ ഓഫ് സ്റ്റേറ്റും ഡെപ്യൂട്ടി വിദേശകാര്യ മന്ത്രിയുമായ ജനാബ് നീൽസ് അന്നെൻ Minister Of State and Deputy Foreign Minister Niels Annen സാഹിബ് വേദിയെ സംബോധന ചെയ്തു:

ഹുദൂറിനും വേദിയിലുള്ളവർക്കും സലാം ആശംസിച്ച അദ്ദേഹം ഇന്നത്തെ പരിപാടിയെ സംബന്ധിച്ച് സന്തോഷം പ്രടിപ്പിച്ചു. തുടർന്നു പറഞ്ഞു: 70 വർഷം മുമ്പേ ജർമനിയിൽ നിലവിൽ വന്ന അടിസ്ഥാനപരമായ ഭരണഘടന, മതപരമായ സ്വാതന്ത്ര്യം എന്ന മൂലാവകാശം സ്ഥാപിച്ചു. ഇതേ കാരണം കൊണ്ടു തന്നെ ഈ രാജ്യത്ത് വിവിധ മതത്തിന്റേയും സംസ്കാരത്തിന്റേയും ജനതകൾ സ്നേഹത്തോടെ ഐക്യത്തിൽ ജീവിക്കുന്നു. 1949-ൽ ഇതേ ജൂൺ മാസത്തിൽ ജർമനിയിലെ നോർഡ് വെസ്റ്റ് ഡെച്ച് റണ്ഫൺക് റേഡിയോ സ്റ്റേഷൻ (Nordwestdeutsche Rundfu-nk)സ്വിറ്റ്സർലന്റ് മുബല്ലിഗ് ശെയ്ഖ് നസ്വീർ അഹ്മദിന്റെ ഒരു പ്രഭാഷണം പ്രക്ഷേപണം ചെയ്തു. ജർമനിയിൽ ഇസ്‌ലാമിനെ സംബന്ധിച്ച് നടന്ന ആദ്യ പ്രക്ഷേപണമായിരുന്നു ഇതെന്ന് സൂചിപ്പിക്കാനാണ് ഇക്കാര്യം ഞാൻ പറഞ്ഞത്. ആരംഭം മുതൽ തന്നെ അഹ്മദിയ്യാ ജമാഅത്തും ജർമനിയുടെ ഭരണഘടനയും ഒരു ബന്ധം നിലനിറുത്തിയിരിക്കുന്നു. അഹ്മദിയ്യാ ജമാഅത്ത് ആദ്യമായി 1955-ൽ ഹംബർഗിലാണ് സ്ഥാപിതമാകുന്നത്. തുടർന്ന് 1957-ൽ യുദ്ധത്തിനുശേഷം ആദ്യ മസ്ജിദ് നിർമ്മിതമായി. അതായത് 'ഫള്ലെ ഉമർ മസ്ജിദ്.' അഗാധമായൊരു ബന്ധം എനിക്ക് ഇതുമായിട്ടുണ്ട്. എന്റെ പ്രദേശത്താണ് ഇതുള്ളത് എന്നതു കൊണ്ടു മാത്രമല്ല, പ്രത്യുത ഞാനും ഇവിടുത്തെ ലോക്കൽജമാഅത്തും തമ്മിലും അഗാധമായ സുഹൃത്ബന്ധമുണ്ട്.

ജമാഅത്തിന് ഹംബർഗിൽ 2014 മുതലും ഹെസ്സെൻ(Hessen) സംസ്ഥാനത്ത് 2013 മുതലും Korperschaft des offentilichen Rechts ഉണ്ട്. ക്രൈസ്തവ ചർച്ചിന് ലഭിച്ച സ്റ്റാറ്റസ് തന്നെ അഹ്മദിയ്യാ ജമാഅത്തും ആർജിച്ചിരുന്നു. ഇത് ഒരു നിസ്സാരമായ കാര്യമല്ല. കാരണം അഹ്മദിയ്യാ ജമാഅത്ത് വിവിധ രീതിയിൽ ജർമനിക്ക് പ്രയോജനപ്പെടുന്നു. ജർമനിയിൽത്തന്നെ സ്വന്തം മുറബ്ബിമാരെ തയ്യാറാക്കുന്നു എന്നതും ഒരു വരമാണ്. അതുകൊണ്ടുതന്നെ ഇവരെ സഹായിക്കേണ്ടതും നമ്മുടെ നിർബന്ധ കടമയാണ്. അടുത്ത വർഷങ്ങളിൽ ജർമൻ രാഷ്ട്രത്തിന് ഐക്യരാഷ്ട്ര സംഘടനയുടെ മനുഷ്യാവകാശ കൗൺസിലിൽ അംഗമാകാനുള്ള അവകാശം പ്രാപ്തമാകും. കുറച്ചു നാളുകൾക്കു മുമ്പേയാണ് ഇതിന്റെ തിരഞ്ഞെടുപ്പ് പൂർത്തിയായത്. ഇക്കഴിഞ്ഞ വർഷങ്ങളിൽ ജർമനിക്ക് ഈ രംഗത്ത് വളരെയധികം ആദരവും പ്രാപ്തിയുമുണ്ടാട്ടുണ്ട്. മനുഷ്യാവകാശ പ്രശ്നങ്ങളെ കുറിച്ച് നമ്മോടും ചോദിക്കപ്പെടുന്നു. അതുകൊണ്ട് നമ്മൾ ഈ പ്ലാറ്റ്ഫോമിൽ മതപരമായ സ്വാതന്ത്ര്യത്തെ കുറിച്ച് തീർച്ചയായും സംസാരിക്കുമെന്നും അഹ്മദിയ്യാ ജമാഅത്തിനോടു ഞാൻ വാഗ്ദാനം ചെയ്യുന്നു. സവിശേഷമായ നിലയിൽ അഹ്മദിയ്യാ ജമാഅത്തിനെ സംബന്ധിച്ചും സ്മരണയുണ്ടാകും. നിശ്ചയമായും ഇതുകാരണത്താൽ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടാൻ സാധിക്കില്ലെങ്കിലും ഞങ്ങൾ തീർച്ചയായും നിങ്ങളോടൊപ്പം ഉണ്ടാകും. (ബദ്ർ പത്രം ഉർദു, മാർച്ച് 28, ഏപ്രിൽ 2 — 2020)

(തുടരും)

❖❖❖

www.alislam.org
Al Islam - Official website of Ahmadiyya Muslim Community

പേജ് 1 ൽ നിന്ന്

ദൃഷ്ടി മുകളിലേക്കുപോകുന്നു. ഉയർന്നുയർന്നു പോകുന്നു. അല്ലാഹുവിനെ അപേക്ഷിച്ച് മനുഷ്യന് എന്തുവിലയാണുള്ളതെന്ന് അവനറിയുന്നു. സൂര്യനുമുമ്പിൽ ഒരു കിരണത്തിന് എന്തുപ്രസക്തിയാണുള്ളത്? കാരണം എന്തായാലും മനുഷ്യൻ അവന്റെ സൃഷ്ടിയാണല്ലോ? അവന്റെ ജീവിതവും അല്ലാഹു പ്രദാനം ചെയ്ട്ടുള്ളതാണ്. ഗാലിബ് എത്രമനോഹരമായിട്ടാണ് പറഞ്ഞിട്ടുള്ളത്!

**ജാൻ ദീ ദീ ഹുഇ ഉസൂക്കി ഥീ**

**ഹഖ് തൊ യെ ഹെ കെ ഹഖ് അദാ ന ഹുവാ**

**അവൻ തന്നതായിരുന്നു ജീവൻ. ഹഖ്(കടമ) നിറവേറ്റപ്പെട്ടില്ല എന്നതാണ് യാഥാർഥ്യം.**

അതിനാൽ നബി ദൈവജ്ഞാനിയായതുകൊണ്ട് അവൻ തന്റെ അസ്തിത്വം നോക്കുന്നു. താനെന്തൊന്നാണോ ചെയ്തുകൊണ്ടിരിക്കുന്നത് അത് താനല്ല അല്ലാഹുവാണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് അവനറിയുന്നു. അതുകൊണ്ട് അവൻ ദുആ ചെയ്യുന്നു:അല്ലാഹുവേ! എന്റെ അസ്തിത്വത്തെ അധികമധികം മറച്ചുവെച്ചാലും. നിന്റെ അസ്തിത്വത്തെ കൂടുതൽക്കൂടുതൽ പ്രകടിപ്പിച്ചാലും. ഈ രീതിയിൽ അപ്പോൾ ഇഗ്ഫിർലീ എന്നതിന്റെ അർഥം അല്ലാഹുവേ! നിനക്ക് എന്നോടുള്ള സ്നേഹത്തിന്റെ ബന്ധമാണുള്ളത്. നിന്റെ പർദ എന്നിലിട്ടാലും. അതായത് തന്റെ അസ്തിത്വത്തെ വിപാടനം ചെയ്ത് നിന്റെ അസ്തിത്വത്തെ ഞാൻ മുഖന പ്രകടിപ്പിച്ചാലും. മനുഷ്യൻ മുഖേന എത്രത്തോളം അല്ലാഹുവിന്റെ അസ്തിത്വം പ്രകടമാകുന്നുവോ അത്രത്തോളം അല്ലാഹുവിന്റെ അസ്തിത്വം വെളിപ്പെടുന്നതായിരിക്കും. അത്രത്തോളം അവൻ തന്റെ സദുദ്ദേശ്യങ്ങളിൽ വിജയിക്കുന്നതായിരിക്കും.

അതേ! മറ്റുള്ളവർക്കുവേണ്ടി ഈ പദം ഉപയോഗിക്കുമ്പോൾ ആ നേരത്ത് അവരുടെ നിലയ്ക്കു ചേർന്ന വിധമുള്ള അർഥമായിരിക്കും എടുക്കുക. ഒരു ഉന്നതനിലയിലുള്ള മുഅ്മിൻ അഥവാ സത്യവിശ്വാസിക്കുവേണ്ടി ഉപയോഗിക്കുമ്പോൾ അതിന്റെ അർഥം ശ്രേഷ്ഠതകൾ കൈവരിക്കുന്നതിന് തടസ്സമായി വരുന്ന ബലഹീനതകളിൽനിന്ന് എന്നെ രക്ഷിക്കേണമേ എന്നായിരിക്കും. മധ്യമനിലയുള്ള മുഅ്മിനുവേണ്ടി ഈ പദമുപയോഗിക്കുമ്പോൾ അതിന്റെ അർഥം എന്റെ തെറ്റുകുറ്റങ്ങളെ പൊതിഞ്ഞുവെച്ചുകൊണ്ട് എനിക്ക് ഉന്നത ദർജ പ്രാപിക്കാനുള്ള തൗഫീഖ് തരേണമേ എന്നായിരിക്കും. സാധാരണക്കാരനായ മുഅ്മിനുവേണ്ടി ഈ പദമുപയോഗിക്കുമ്പോൾ അതിന്റെ അർഥം എന്റെ ചുവടുകളെ ഈമാനിൽ ഉറപ്പിച്ചു നിറുത്തേണമേ എന്നായിരിക്കും. എന്റെ പാപം എന്നെ എവിടേയും കൊണ്ടുപോയി മുക്കിക്കളയാതിരിക്കേണമേ! ഒരു സത്യാന്വേഷിക്കുവേണ്ടി ഈ പദമുപയോഗിക്കുമ്പോൾ അതിന്റെ അർഥം ഹിദായത്തു പ്രാപിക്കുന്നതിൽനിന്ന് തടസ്സമുണ്ടാകാതിരിക്കാൻ എന്റെ പാപങ്ങൾ പൊറുത്തുതരേണമേ എന്നായിരിക്കും. ഈ പദത്തിന്റെ ഉപയോഗം വിവിധ അവസരങ്ങളുടെ അടിസ്ഥാനത്തിൽ ജബ്ബാർ എന്ന പദം ഉപയോഗിക്കുന്നതുപോലെയാണ്. 'ജബ്ബാർ' എന്ന പദം അല്ലാഹുവിനുവേണ്ടി ഉപയോഗുക്കുമ്പോൾ അതിന്റെ അർഥം മുസ്‌ലിഹ് അഥവാ പരിവർത്തനകാരി എന്നായിരിക്കും. ഇതു മനുഷ്യർക്കുവേണ്ടി ഉപയോഗിക്കുമ്പോൾ അതിന്റെ അർഥം ധിക്കാരിയെന്നും നിയമലംഘകനെന്നുമായിരിക്കും. എപ്പോഴും ഓർമവെക്കേണ്ടതാണ്, അല്ലാഹു തന്റെ നബിമാരെ കുറിച്ച് പറയുന്നു;അല്ലാഹു യജ്തബീ മിൻർറുസുലിഹീ അപ്പോൾ അല്ലാഹു അവരെ തിരഞ്ഞെടുക്കുമ്പോൾ അവരിൽപ്പിന്നെ പാപം എവിടന്ന് വരാനാണ്. അവർ തങ്ങളെ ദുൻയാവിൽനിന്ന് വേർപ്പെടുത്തി അല്ലാഹുവിന്റെ അടുത്ത് ഇരുത്തിയിരിക്കുമ്പോൾ അവരുടെ അടുത്ത് ശയ്ത്വാൻ എവിടെനിന്ന് വരാനാണ്. ശയ്ത്വാൻ അല്ലാഹുവിന്റെ പേരു കേൾക്കുമ്പോൾത്തന്നെ ഓടിക്കളയുന്നു. മറ്റൊരു സ്ഥലത്ത് പറഞ്ഞു: ഇന്ന ഇബാദീ ലയ്സലക്ക അലയ്ഹിം സുൽത്വാനുൻ എന്റെ ദാസന്മാരുടെമേൽ തീർച്ചയായും നിനക്ക് ഒരു നിയന്ത്രണവുമുണ്ടാകുകയില്ല. അപ്പോൾ നിയമം ഇതാകുമ്പോൾ ഏറ്റവും താഴേപടിയിലുള്ള ദാസത്വത്തിന്റെ സ്ഥാനത്താകുമ്പോൾ അല്ലാഹു അവനെയും ശയ്ത്വാനിന്റെ നിയന്ത്രണത്തിൽനിന്ന് സുരക്ഷിതനാക്കി വെക്കുന്നു. അങ്ങനെ വരുമ്പോൾ അല്ലാഹുവിന്റെ പ്രത്യേക കാവലിലുള്ള നബിമാരുടെ അടുത്തൂടെ ശയ്ത്വാൻ എങ്ങനെ സഞ്ചരിക്കാനാണ്.' *(തഫ്സീറെ കബീർ, വാള്യം 3, പേജ് 498, പ്രസാധനം 2010, ഖാദിയാൻ)*

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin